വാല്യം 10 ലക്കം 3 ഒക്ടോബർ 2025

# ബുള്ളറ്റിൻ



Chavara Matrimony.com
Connecting Hearts

# കെട്ട് ഉറപ്പ്!

കെട്ടുറപ്പുള്ള ബന്ധങ്ങൾക്ക് ചാവറ മാട്രിമണിയിൽ രജിസ്റ്റർ ചെയ്യൂ.




Scan QR Code to Register Your Profile

**Fr. Anil Philip CMI**, Director | **Johnson C. Abraham**, Executive Director

Chavara Family Welfare Centre
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു
H.O Chavara Cultural Centre, Kochi
99617 44444 · 0484 40 80 333 · 1800 103 4080

29 Branches in Kerala, Bangalore, Coimbatore, Mumbai & Delhi

CHANGANACHERY
Call us 9995 777 568




വാല്യം 10 | ലക്കം 3 | ഒക്ടോബർ 2025

# ഇടയൻ

ഇടവക ബുള്ളറ്റിൻ

മാനേജിംഗ് എഡിറ്റർ:
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
9495268877

ചീഫ് എഡിറ്റർ:
**റവ. ഫാ. ജേക്കബ് (സിറിൽ) കളരിക്കൽ**
9961719556

എക്സി. എഡിറ്റേഴ്സ്:
**റവ. ഫാ. ജോസഫ് (ഷെറിൻ) കുറശ്ശേരി**
9188771104

**റവ. ഫാ. ആന്റണി (നിഖിൽ) അറയ്ക്കത്തറ**
9946112201

കൈക്കാരന്മാർ:
എ.ജെ. ജോസഫ് ആലഞ്ചേരി
എബ്രഹാം കുര്യൻ ഒളശ്ശയിൽ
ചാൾസ് മാത്യു പാലാത്ര

കമ്മറ്റിയംഗങ്ങൾ:
വിന്നി ജോർജ്ജ് കല്ലൂക്കളം (കൺവീനർ)
സൈബി അക്കര
സി. മരിയ SABS
ജോമി കാവാലംപുതുപ്പറമ്പിൽ
ജിജി മുളയ്ക്കൽ
നവീൻ വെട്ടുവഴി
എബിൻ ആറുപറയിൽ
മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ
സജി ഇളംകുളം

പാരിഷ് കൗൺസിൽ സെക്രട്ടറി:
സോണി കരിമറ്റം

## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| മുഖമൊഴി | 05 |
| വികാരിയച്ചന്റെ സന്ദേശം | 06 |
| കാവുകാട്ടുപിതാവിനെ ഓർക്കുമ്പോൾ | 08 |
| ന്യൂനപക്ഷാവകാശങ്ങൾ | 10 |
| സമുദായ ശക്തീകരണം | 16 |
| പ്രത്യാശാഭരിതമായ യുവത്വം | 18 |
| ജൂബിലി കർമപദ്ധതികൾ | 21 |
| ദിനചിത്രങ്ങൾ | 23 |
| സഭയെ നയിച്ച കർമയോഗി - കാളാശേരി പിതാവ് | 30 |
| മതപരിവർത്തന നിരോധനനിയമം ഭരണഘടനാവിരുദ്ധം | 33 |
| കോവിഡ്കാല സ്മരണകൾ | 36 |
| ഇടവക വാർത്തകൾ | 40 |
| ജലത്താലും ആത്മാവിനാലും | 46 |
| ദൈവം യോജിപ്പിച്ചത് | 47 |
| ഉത്ഥിതനോടൊപ്പം | 48 |

രൂപകല്പന, മുദ്രണം:
സെന്റ് ജോസഫ് ഓർഫനേജ് പ്രസ്
ചങ്ങനാശേരി +91 8547785270

**ST MARY'S METROPOLITAN CHURCH**
Changanacherry - 686 101
Kerala State, India
0481-2420048 (Vicar), 2400006 (Office)
metropolitanchurchchry@gmail.com
www.metropolitanchurchchry.org

# സ്നേഹസ്മരണയ്ക്ക്

35-ാം ചരമവാർഷികം



## റവ. ഫാ. ബെർണഡിൻ CMI

മരണം: 18. 01. 1990

25-ാം ചരമവാർഷികം    5-ാം ചരമവാർഷികം



## ജോസഫ് ജോബ്

മരണം: 20. 09. 2000

## ത്രേസ്യാമ്മ ജോബ്

ജനനം: 18. 11. 1935
മരണം: 20. 12. 2020

കല്ലുകളം, വാഴപ്പള്ളി

# EDITORIAL മുഖമൊഴി

ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

തന്റെ ജീവിതം മുഴുവൻ കർത്താവിനായി സമർപ്പിച്ച് വെല്ലുവിളികൾ നിറഞ്ഞകാലത്ത് ദൈവജനത്തെ നയിച്ച കാരുണ്യത്തിന്റെ ആൾരൂപവും, കേരളസഭയുടെ അഭിമാനവുമായ ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ 56-ാം ശ്രാദ്ധപ്പെരുനാൾ നാം ആചരിക്കുകയാണ്. 'സ്നേഹചൈതന്യത്തിന്റെ സേവനം' എന്ന ആപ്തവാക്യം ജീവിതവ്രതമായി സ്വീകരിച്ചുകൊണ്ട് നീണ്ട 19 വർഷക്കാലം ചങ്ങനാശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ പിതാവിനെ അനുകരിച്ച് പിതാവിൽ നിറഞ്ഞുനിന്നിരുന്ന കാരുണ്യത്തിന്റെ മനോഭാവം നമുക്കും സ്വന്തമാക്കാൻ ശ്രമിക്കാം. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയുടെ അവസാനത്തിലേക്ക് പ്രവേശിക്കുമ്പോൾ പിതാവിൽ നിറഞ്ഞുനിന്ന വിശ്വാസതീക്ഷണതയും ആത്മീയനിറവും നമുക്കു മാതൃകയാക്കാം. നമ്മുടെ ഇടവകയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ഇടയൻ' ഒരു ലക്കം കൂടി പുറത്തിറങ്ങുകയാണ്. ഇടവകയേയും ഇടവകയുടെ പ്രവർത്തനങ്ങളെയും കുറേക്കൂടി അടുത്തറിയാൻ ഇത് നമ്മെ സഹായിക്കട്ടെ.


നിങ്ങളുടെ സ്വന്തം,

**സിറിലച്ചൻ, ചീഫ് എഡിറ്റർ**



## Vicar's Message





## വികാരിയച്ചന്റെ സന്ദേശം

> മനസ്സിലെ നല്ല ചിന്തകളാണ് ഒരാളെ നല്ല വ്യക്തിയാക്കി മാറ്റുന്നത്. നല്ല മനോഭാവ ങ്ങൾ നല്ലമനുഷ്യരായി വളരാൻ നമ്മെ സഹായി ക്കും. വിശുദ്ധരെ നമ്മുടെ കൂട്ടുകാരാക്കാം. വിശുദ്ധ രുടെ ജീവചരിത്രം നാം വായിക്കണം. മുതിർന്നവ രെയും ഗുരുക്കന്മാരെയും നാം ബഹുമാനിക്കണം. കരുതലും സ്നേഹവും വാത്സല്യവും നാം പുലർത്തണം. നല്ല ശീലങ്ങൾ പരിശീലിക്കണം.

ഈശോയിൽ സ്നേഹമുള്ളവരെ,

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നും ആശംസകളും പ്രാർത്ഥനകളും നേരുന്നു. ജൂൺ മാസത്തിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 100-ാം ചരമവാർഷികം ഭംഗിയായി ആചരിക്കാൻ നമുക്കു സാധിച്ചു. സഹകരിച്ചവർക്കും നേതൃത്വം കൊടുത്തവർക്കും പ്രത്യേകം നന്ദി നേരുന്നു.

ജൂലൈ മാസത്തിൽ ഭാരത അപ്പോസ്തലനായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുന്നാളും സൺഡേസ്കൂൾ വാർഷികവും കാക്കാംതോട് കുരിശടി തിരുന്നാളും പണ്ടകശ്ശാല കടവ് മാർ യാക്കോബ് ശ്ലീഹായുടെ കുരിശടിയിലെ തിരുന്നാളും നമ്മൾ ആചരിച്ചു. വൈദികർ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും വെഞ്ചരിക്കുകയും ബൈബിൾ പ്രതിഷ്ഠയും തിരുഹൃദയ പ്രതിഷ്ഠയും നടത്തുകയും ചെയ്തു.

ജൂലൈ 20-ാം തീയതി യുവജനങ്ങളുടെ നേതൃത്വത്തിൽ വി. അൽഫോൻസായുടെ തിരുന്നാൾ ആഘോഷിച്ചു. നിരണം തീർത്ഥാടനകേന്ദ്രത്തിൽ യുവജനങ്ങളും മുതിർന്നവരും കുടമാളൂർ അൽഫോൻസാമ്മയുടെ ജന്മഗൃഹത്തിലേക്ക് കുട്ടികളും പദയാത്ര നടത്തി. ആഗസ്റ്റ് മാസത്തിൽ നല്ല ഒരുക്കത്തോടെ മരിയൻ കൺവൻഷനിലും വിമോചന പ്രാർത്ഥനയിലും പതിനഞ്ചു നോമ്പാചാരണത്തിലും പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുന്നാളിലും നമ്മൾ പങ്കാളികളായി. മരിയൻ കൺവൻഷനും വിമോചനപ്രാർത്ഥനയ്ക്കും നേതൃത്വം കൊടുത്ത റവ. ഡോ. അലോഷ്യസ് കുളങ്ങര അച്ചനെയും ടീം അംഗങ്ങളെയും നന്ദിയോടെ ഓർക്കാം. സെപ്റ്റംബർ മാസത്തിൽ എട്ടുനോമ്പാചരണത്തിലും ജപമാല പ്രദക്ഷിണത്തിലും എല്ലാവരും പങ്കെടുത്തത് അഭിനന്ദനാർഹമാണ്.

ഈശോയുടെ മനുഷ്യാവതാരത്തിന്റെ മഹാജൂബിലി ആഘോഷത്തിന്റെ സമാപനവേളയിൽ നാം നടത്തുന്ന പ്രധാനപ്പെട്ട കർമ്മപരിപാടികൾ ചുവടെ ചേർക്കുന്നു.

- പ്രത്യാശ ജ്യോതിപ്രയാണം ഭവനങ്ങളിലൂടെ
- പ്രത്യാശ സായാഹ്ന കൺവൻഷൻ ഇടവകദൈവാലയത്തിൽ
- പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിലേക്കുള്ള ജപമാല പ്രദക്ഷിണം.

ഈ മൂന്നു കർമ്മപരിപാടികളിലും നമുക്ക് സജീവമാകാം. എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നു അഭ്യർത്ഥിക്കുന്നു.

ഒക്ടോബർ ഒന്നു മുതൽ 9 വരെ തീയതികളിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിന്റെ ഓർമ്മയാചരിക്കുകയാണല്ലോ. ഓർമ്മയാചരണ ദിവസങ്ങളിലെ തിരുക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുത്ത് പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ഹൃദയത്തിൽ സൂക്ഷിക്കാം. ശാന്തശീലനും വിനീതഹൃദയനുമായി ഈശോയെ അടുത്തനുകരിച്ച കാവുകാട്ടുപിതാവിന്റെ ശ്രേഷ്ഠമായ ജീവിതം നമുക്കും മാതൃകയാക്കാം. ദൈവസ്നേഹത്തിൽ സഞ്ചരിച്ചവൻ, സഹനസമയങ്ങളിൽ ദൈവത്തിലുള്ള പ്രത്യാശ കൈവിടാതെ ജീവിച്ചവൻ, പ്രാർത്ഥനയിൽ ശക്തി സംഭരിച്ചവൻ, ദൈവത്തിന്റെ കരുണയുടെ മുഖം പങ്കുവച്ചവൻ പ്രതിസന്ധികളെ ചങ്കുറപ്പോടെ നേരിട്ടവൻ ചെറുപുഞ്ചിരിയോടെ എല്ലാവരെയും സ്വീകരിച്ചവൻ, എല്ലാവർക്കും എപ്പോഴും സമീപസ്ഥൻ. ഇപ്രകാരമെല്ലാം നമ്മുടെ ഹൃദയങ്ങളിൽ വിടർന്നുപുഷ്പിച്ചുനിൽക്കുന്ന പുഷ്പമാണ് പുണ്യശ്ലോകനായ കാവുകാട്ടു പിതാവ്. പിതാവിനെ നന്ദിയോടെ ഓർക്കാം. എത്രയുംവേഗം വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടാൻ നമുക്കു പ്രാർത്ഥിക്കാം.

അഭിവന്ദ്യ കാളാശ്ശേരി പിതാവിന്റെ 76-ാം ചരമവാർഷികം ഒക്ടോബർ 7-ാം തീയതി നാം ആചരിക്കുന്നു. പിതാവ് സമൂഹത്തിനു ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കാം, പ്രാർത്ഥിക്കാം. വിദ്യാഭ്യാസരംഗത്ത് സഭയ്ക്കുള്ള അവകാശവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് വളരെ ശക്തിയുക്തമായ ഭാഷയിൽ തൂലിക ചലിപ്പിച്ച വന്ദ്യപിതാവിനെ നമുക്ക് കൃതജ്ഞതയോടും അഭിമാനത്തോടുംകൂടെ ഓർക്കാം. വന്ദ്യപിതാവിന്റെ തീക്ഷ്ണതയും ധൈര്യവും നമുക്ക് ശക്തിയും പ്രചോദനവുമാകട്ടെ.

ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലൂടെ നാം കടന്നുപോകുന്നു. ഈശോയോടു ചേർന്നുനിന്നുകൊണ്ട് നാം ഓരോരുത്തരും ആത്മീയമായി വളരാനും നന്മയുടെ ഫലം പുറപ്പെടുവിക്കുന്നവരാകാനും പരിശ്രമിക്കണം. നമ്മളിൽനിന്ന് നന്മയുടെ ഫലങ്ങൾക്കായി കർത്താവ് ക്ഷമയോടെ കാത്തിരിക്കുന്നുണ്ട്. അതിനാൽ രക്ഷയുടെ പേടകമായ സഭയിൽ അഭയം തേടാം. കർത്താവിലുള്ള വിശ്വാസത്തിൽ വളരാം. ലൗകികമായതിൽ കുടുങ്ങാതെ സ്വർഗ്ഗത്തിൽ നിക്ഷേപം സൂക്ഷിക്കാൻ കൈത്താക്കാലം നമ്മളെ പഠിപ്പിക്കുന്നു.

ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും മരണം, അന്ത്യവിധി തുടങ്ങിയ സംഭവങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നു. സഹനങ്ങളെ സന്തോഷത്തോടെ നേരിടുന്നവർ സമാശ്വാസവും, സന്തോഷവും പ്രാപിക്കുമെന്നും സഭ പഠിപ്പിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

നന്ദിയോടെ പ്രാർത്ഥനാപൂർവ്വം,

**വാണിയപ്പുരയ്ക്കലച്ചൻ**
(വികാരി)



# ദൈവദാസൻ കാവുകാട്ടു പിതാവിനെ ഓർക്കുമ്പോൾ...

ഫാ. ജോസഫ് പനക്കേഴം



ഒക്ടോബർ 9 പുണ്യശോകനായ കാവുക്കാട്ടു പിതാവിനെ അനുസ്മരിക്കാൻ നമുക്കൊരു ദിനം. ചങ്ങനാശേരി അതിരൂപതയുടെ ആദ്യത്തെ മെത്രാപ്പോലീത്ത എന്ന നിലയിൽ സ്തുത്യർഹമായ മേൽപ്പട്ട ശുശ്രൂഷ നിർവഹിച്ച പിതാവ് സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകളെ അനുസ്മരിക്കാൻ ഇതു നമുക്ക് ഒരു അവസരം. ഈ അനുസ്മരണം സഭാജീവിതത്തിൽ കൂടുതൽ കർമ്മോത്സുകരാകാൻ നമ്മെ പ്രേരിപ്പിക്കും.

## പിതാവിനെ ഓർക്കുമ്പോൾ

ദൈവമഹത്വത്തിനും പൊതുസമൂഹത്തിന്റെ നന്മയ്ക്കുമായി നിരവധി കാര്യങ്ങൾ പിതാവ് ചെയ്തിട്ടുണ്ട്. ഇവയിൽ സഭയെയും സമൂഹത്തെയും ഏറെ സ്വാധീനിച്ച, ഇന്നും സ്വാധീനിച്ചുകൊണ്ടിരിക്കുന്ന കാര്യം ഏതെന്ന് ചോദിച്ചാൽ ഉത്തരം എളുപ്പത്തിൽ പറയാനാകും. ദൈവസ്നേഹത്തിൽ ജ്വലിച്ചിരുന്ന ആ ഹൃദയത്തിൽനിന്നും ഉറവെടുത്ത ജീവകാരുണ്യമനോഭാവവും പദ്ധതികളും. ഇതിന്റെ മകുടോദാഹരണമാണ് പിതാവിന്റെ ദരിദ്രർക്കായുള്ള പാർപ്പിടപദ്ധതി.

1960 ഡിസംബർ 1 കാവുകാട്ടുപിതാവിന്റെ പൗരോഹിത്യസ്വീകരണ രജത ജൂബിലി ദിനമായിരുന്നു. മെത്രാപ്പോലീത്തായുടെ ജീവിതത്തിലെ ഈ നല്ല ദിനം ആഘോഷപൂർവ്വം കൊണ്ടാടുക അതിരൂപതയെ സംബന്ധിച്ച് ന്യായയുക്തവുമായിരുന്നു. എന്നാൽ ആ ദിനത്തിൽ ആഘോഷം ഒന്നും ഉണ്ടായില്ല. ആഘോഷത്തിനു ചെലവാകുന്ന പണം കൂടി സ്വരൂപിച്ച് സാധുക്കൾക്ക് വീടു പണിതു കൊടുക്കാൻ പിതാവ് അതിരൂപതാസമൂഹത്തോട് ആഹ്വാനം ചെയ്തു.

അത്യാവശ്യക്കാർക്കായി ഏതാനും വീടു പണിതുനൽകണമെന്നല്ല പിതാവ് ആവശ്യപ്പെട്ടത്. മറിച്ച് പാർപ്പിടമില്ലാത്ത നിരവധിപേർ സമൂഹത്തിൽ ഉള്ളതിനാൽ അതിനൊരു സത്വരപരിഹാരമായി ഒരു ഭവനനിർമ്മാണപദ്ധതി ആരംഭിക്കണമെന്നാണ് പിതാവ് ആവശ്യപ്പെട്ടത്.

ഇതു സംബന്ധിച്ച് പിതാവ് പുറപ്പെടുവിച്ച ഇടയലേഖനത്തിൽ ഇപ്രകാരം എഴുതി വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കുവാൻ ഓരോ ഇടവകയിലും ഒരു പഞ്ചവത്സരപദ്ധതിതന്നെ ആരംഭിക്കണമെന്നാണു നാം ഉദ്ബോധിപ്പിക്കുന്നത്. സാമാന്യം സാമ്പത്തികശേഷിയുള്ള 10 ഇടവകകൾ ഈ അതിരൂപതയിലുണ്ട്. ഇടവക ഒന്നിന് ശരാശരി ആണ്ടുതോറും 5 വീടുകൾ നിർമ്മിക്കുകയാണെങ്കിൽ അഞ്ചുകൊല്ലംകൊണ്ട് 3000 വീടുകൾ പണിയുവാൻ കഴിയും. പൗരോഹിത്യരജത ജൂബിലി സംബന്ധിച്ച് ഇടവക അടിസ്ഥാനത്തിലോ രൂപതാടിസ്ഥാനത്തിലോ ആഘോഷങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. ഇടവകകൾതോറും വീടില്ലാത്തവർക്കുവേണ്ടി പണിതിട്ടുള്ള വീടുകളുടെ ഫോട്ടോ അടങ്ങിയ ആൽബമായിരിക്കും പൗരോഹിത്യ ജൂബിലി സംബന്ധിച്ച് എനിക്ക് ഏറ്റവും പ്രിയങ്കരമായ ഉപഹാരം.

കാവുകാട്ടുപിതാവിന്റെ ഇംഗിതം അതിരൂപതാ സമൂഹം ശിരസ്സാ വഹിച്ചു. ഏതാനും വർഷങ്ങൾകൊണ്ട് ആയിരക്കണക്കിനു ഭവനങ്ങൾ പടുത്തുയർത്തി. അങ്ങനെ പിതാവ് ജീവകാരുണ്യരംഗത്ത് ഒരു സ്നേഹവിപ്ലവത്തിന് ആരംഭം കുറിച്ചു. 65 വർഷങ്ങൾക്കുമുമ്പു നടന്ന ഒരു മുന്നേറ്റമായിരുന്നു ഇത് ഇന്ന് എല്ലാ രൂപതകളിലും ഭവനനിർമ്മാണ പദ്ധതികളുണ്ട്. മറ്റു സമൂഹങ്ങളും ഇതു ചെയ്യുന്നുണ്ട്. മുൻകാലത്ത് കേരളസർക്കാർ നടപ്പിലാക്കിയ ലക്ഷംവീടു പദ്ധതിയും കാവുകാട്ടു പിതാവിൽനിന്നും പ്രചോദനം സ്വീകരിച്ച് തുടങ്ങിയതാണ്. കാവുക്കാട്ടു പിതാവിന്റെ കാലംവരെ അങ്ങനെ ഒരു കാഴ്ചപ്പാട് ആർക്കും ഉണ്ടായിരുന്നില്ല.

## ഔദാര്യമല്ല, കടമമാത്രം

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യ പ്രവർത്തനങ്ങളും ഔദാര്യമല്ല. മറിച്ച് അതവരുടെ കടമയാണ്. ക്രൈസ്തവജീവിതത്തെ നിർണ്ണയിക്കുന്ന കാതലായ മൂന്നു കാര്യങ്ങളുണ്ട്. സുവിശേഷപ്രഘോഷണം, ആരാധനാർപ്പണം, സ്നേഹശുശ്രൂഷാ ഇവ മൂന്നും പരസ്പരം ബന്ധപ്പെട്ടവയാണ്. സുവിശേഷപ്രഘോഷണവും ദൈവാരാധനയും പോലെ പ്രാധാന്യമർഹിക്കുന്നതാണ് സ്നേഹശുശ്രൂഷയും. സ്നേഹശുശ്രൂഷ ഒഴിവാക്കിക്കൊണ്ടുള്ള സുവിശേഷപ്രഘോഷണവും ദൈവാരാധനയും പൂർണ്ണമായിരിക്കുകയില്ല. ദൈവസ്നേഹവും പരസ്നേഹവും തമ്മിലുള്ള പരസ്പരബന്ധവും അവിഭാജ്യതയും വിശുദ്ധഗ്രന്ഥം വ്യക്തമാക്കുന്നുണ്ടല്ലോ.

## നമ്മുടെ ദൗത്യം

ക്രൈസ്തവജീവിതത്തിൽ ഉപവിപ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം നാം തിരിച്ചറിയണം. ദൈവാരാധനയ്ക്ക് ദൈവാലയത്തിലേക്ക് എന്നതുപോലെ സ്നേഹശുശ്രൂഷയ്ക്കായി വേദനിക്കുന്നവരിലേക്ക് കടന്നുചെല്ലാൻ നാം തയ്യാറാകണം. ദൈവത്തെ മഹത്വപ്പെടുത്തുവാൻ വേദനിക്കുന്നവരുടെ കണ്ണീരൊപ്പാൻ നാം മുന്നിട്ടിറങ്ങണം. ഇതാണ് മാർ കാവുകാട്ട് അനുസ്മരണദിനത്തിൽ പുണ്യശ്ലോകനായ പിതാവ് നമ്മെ അനുസ്മരിപ്പിക്കുന്നത്.



# ന്യൂനപക്ഷ അവകാശങ്ങൾ

## ഭരണഘടന സംരക്ഷണ കവചം ക്രൈസ്തവർ മൈക്രോമൈനോരിറ്റി

**ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ**
സി.ബി.സി.ഐ. ലെയ്റ്റി കൗൺസിൽ സെക്രട്ടറി



ന്യൂനപക്ഷ അവകാശങ്ങൾ സമൂഹത്തിൽ മനുഷ്യാവകാശ സന്തുലനാവസ്ഥയ്ക്കുള്ള സാഹചര്യമാണ് സൃഷ്ടിക്കുന്നത്. ഈ അവകാശങ്ങൾ സംസ്കാരം, ചരിത്രം, ഭാഷ, മതം എന്നിവയെക്കുറിച്ച് അറിവും പഠനവും സാംസ്കാരിക വീക്ഷണവും സമഗ്രവും സമാധാനപരവുമായ ഒരു സമൂഹ പരിപോഷണത്തിന് കരുത്തേകുകയും വൈവിധ്യമാർന്നതും സമ്പന്നവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യും. അന്തർദ്ദേശീയ മനുഷ്യാവകാശനിയമ ചട്ടക്കൂടിന്റെ അനിർവാര്യഘടകമെന്ന നിലയിൽ ന്യൂനപക്ഷ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും നിറവേറ്റുന്നതിനും നിയമപരവും ധാർമ്മികവുമായ ബാധ്യതയും ഓരോ രാജ്യത്തിനുമുണ്ട്. ന്യൂനപക്ഷങ്ങളുടെ സ്വത്വവും, സംസ്കാരവും നിലനിർത്താനും വികസിപ്പിക്കാനുമുള്ള രാഷ്ട്രങ്ങളുടെ കടമയും ഉത്തരവാദിത്വവും ഐക്യരാഷ്ട്രസഭ ഉയർത്തിക്കാട്ടുന്നു.

### ഭരണഘടന ഇന്ത്യയുടെ ആത്മാവ്

പൗരന്മാർക്ക് വാഗ്ദാനം ചെയ്യുന്ന തുല്യതയ്ക്കൊപ്പം ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണവും ന്യൂനപക്ഷ അവകാശങ്ങളിന്മേൽ ഉറപ്പും നൽകുന്നതാണ് ഇന്ത്യൻ ഭരണഘടന. സമത്വവും വിവേചനരാഹിത്യവും പൗരസ്വാതന്ത്ര്യവും പ്രഖ്യാപിക്കുമ്പോഴും മത-ഭാഷാ ന്യൂനപക്ഷങ്ങളെ രാജ്യത്തിന്റെ മുഖ്യധാരയിൽ ചേർത്തു നിർത്തുവാനും അവർക്കായി സംരക്ഷണ കവചമൊരുക്കാനും ഭര

ണഘടനാശില്പികൾ പുലർത്തിയ ജാഗ്രത ഭാരതപൗരന്റെ അന്തഃസ്സും അഭിമാനവും ഉയർത്തിക്കാട്ടുന്നു.

വൈവിധ്യങ്ങളേറെയുള്ള ഇന്ത്യയെ ഒറ്റചരടിൽ കോർത്തുനിർത്തുവാൻ ധിഷണാശാലികളും വിശാലകാഴ്ചപ്പാടുകളുള്ള വിവേകമതികളുമായ ഭരണഘടനാശില്പികൾ വഹിച്ച നിസ്വാർത്ഥസേവനത്തിന്റെയും ആത്മസമർപ്പണത്തിന്റെയും കരുത്തും മാർഗദീപവുമാണ് കഴിഞ്ഞ ഏഴര പതിറ്റാണ്ടിലേറെയായി ഭാരതസമൂഹത്തെ മുന്നോട്ടു നയിക്കുന്നത്. ജനാധിപത്യത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ച്, പൗരസമത്വത്തിന്റെ നിലപാടുകളിലുറച്ച്, ഭരണഘടന ഭാഷ -മതന്യൂനപക്ഷങ്ങൾക്ക് നൽകുന്ന കരുതലും സംരക്ഷണവും ഒപ്പം ജുഡീഷ്യറി നിർവഹിക്കുന്ന രക്ഷാകർതൃത്വവും ഒറ്റവാക്കിൽ ഒതുക്കാനാവില്ല.

## മൗലിക അവകാശങ്ങൾ ഔദാര്യമല്ല

ന്യൂനപക്ഷ അവകാശ സംരക്ഷണം ജനാധിപത്യ ഭരണസംവിധാനത്തിന്റെ അതീവ പ്രാധാന്യമുള്ള വ്യവസ്ഥയാണ്. ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ അളവുകോൽ ആ രാജ്യത്തിലെ ന്യൂനപക്ഷങ്ങളുടെ സുരക്ഷിതത്വമാണ്. ഭാരതത്തിൽ ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി ഭരണഘടന അരക്കിട്ടുറപ്പിക്കുന്ന നിരവധി വകുപ്പുകളുണ്ട്. സമത്വത്തിനുള്ള അവകാശം (ആർട്ടി.14), മതമോ, വർഗ്ഗമോ, ജാതിയോ, ലിംഗമോ, ജനനസ്ഥലമോ കണക്കാക്കിയുള്ള വിവേചനത്തിന്റെ നിരോധനം (ആർട്ടി.15), ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം, വിദ്യാഭ്യാസത്തിനുള്ള അവകാശം (ആർട്ടി.21), മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (ആർട്ടി.25), മതപരമായ കാര്യങ്ങളിലെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം (ആർട്ടി.26), ന്യൂനപക്ഷ താൽപര്യങ്ങളുടെ സംരക്ഷണം (ആർട്ടി.29), ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും ഭരണം നടത്തുവാനുമുള്ള അവകാശം (ആർട്ടി.30) എന്നിങ്ങനെ ഇന്ത്യയുടെ ഭരണസംവിധാനത്തിന്റെ അടിസ്ഥാനമായ ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷ അവകാശങ്ങൾ ഉൾപ്പെടെയുള്ളവ ആരുടെയും ഔദാര്യമല്ല. മറിച്ച് രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി ഭരണഘടനാശില്പികൾ ദീർഘവീക്ഷണത്തോടെ എഴുതിച്ചേർത്ത് പതിറ്റാണ്ടുകളായി തുടരുന്ന അടിസ്ഥാന നിയമസംഹിതയാണ്.

ഉന്നതനീതിപീഠം ന്യൂനപക്ഷങ്ങൾക്കുള്ള മൗലികാവകാശങ്ങളെ ഊന്നിപ്പറയുന്നതിനും ഉറപ്പിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പലപ്പോഴും പരമാവധി ശ്രമിക്കാറുണ്ട്. 1974ലെ സെന്റ് സേവ്യേഴ്സ് കേസിലും 2002ലെ ടിഎംഎ പൈ ഫൗണ്ടേഷൻ കേസിലും ന്യൂനപക്ഷ അവകാശങ്ങൾ ഭരണഘടനയുടെ അടിസ്ഥാന ഘടകമായി വർത്തിക്കുന്നുവെന്നു സൂചിപ്പിക്കുക മാത്രമല്ല ജനാധിപത്യം, ബഹുത്വം, മതേതരത്വം, സമത്വം എന്നിവ അനുവദിച്ചുകൊടുക്കുകയും ന്യൂനപക്ഷങ്ങളുടെ അവകാശമായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ മൗലിക അവകാശങ്ങൾ രാഷ്ട്രത്തിന്റെ അഖണ്ഡതയുടെയും ഐക്യത്തിന്റെയും ഭാഗമാണ്.

## മതേതരത്വ മഹത്വം

മതങ്ങൾക്കും ജാതികൾക്കും വർഗ്ഗവർണ്ണങ്ങൾക്കും അതീതമായി മനുഷ്യമനസുകളെ ഒന്നായിക്കാണുന്ന നമ്മുടെ മതേതര ചിന്തകളിലിന്ന് വിള്ളലുകളേ

ൽക്കുന്നു. പുകൾപെറ്റ ആർഷഭാരതസംസ്കാരം പങ്കുവെച്ചകഴിഞ്ഞ തലമുറകളുടെ ദീർഘവീക്ഷണവും മതേതര ചിന്തകളും ത്യാഗസമർപ്പണവും കൈമോശം വന്നുവോ? മനുഷ്യനെ മനുഷ്യനായി കാണുവാനും പരസ്പര സ്നേഹത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റെയും തലങ്ങളിലൂടെ അവനെ കൈപിടിച്ചുയർത്തുവാനും സർവ്വോപരി പുത്തൻ അറിവിന്റെ വഴികളിലൂടെ നാടിനെ നയിക്കുവാനും കഴിഞ്ഞ ധീരദേശസ്നേഹികളുടെ പാരമ്പര്യവും, പൈതൃകവും അവകാശപ്പെടുന്നവരാണ് ഭാരതീയർ. ഹിന്ദുവും, ക്രിസ്ത്യാനിയും, മുസ്ലീമും ഉൾപ്പെടെ എല്ലാ സമുദായങ്ങളും ജാതികളും ഉപജാതികളും പരസ്പരം ഐക്യത്തോടെ കൈകോർക്കുന്നതാണ് ഭാരതസംസ്കാരം.

തലമുറകളായി പകർന്നേകി കാത്തുസൂക്ഷിക്കുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറയും നന്മകളും മതേതരത്വത്തിന്റെ പവിത്രതയും, മഹർഷിവര്യന്മാരിലൂടെ പങ്കുവെച്ച വേദോപദേശങ്ങളും വിവിധ മതങ്ങളേയും വിശ്വാസങ്ങളേയും ഉൾക്കൊള്ളുവാനുള്ള വിശാല മനസ്കതയും ലോകത്തിന്റെ നെറുകയിൽ ഇന്ത്യയുടെ സാംസ്കാരിക തനിമയെ ഉയർത്തിക്കാട്ടുന്നു. കാലത്തിന്റെ കുതിപ്പിൽ അഭിമാനത്തോടെ ഊറ്റംകൊണ്ട നമ്മുടെ പാരമ്പര്യത്തിന്റെ സത്ഗുണങ്ങൾ കൈമോശം വരുവാനോ, ആത്മാവ് നഷ്ടപ്പെട്ട ജീർണ്ണതയിലേയ്ക്ക് രാഷ്ട്രീയ- ഭരണ -സാമൂഹ്യ സാമുദായിക തലങ്ങൾ തകർന്നുവീഴാനോ, വർഗീയശക്തികളുടെ വിരൽത്തുമ്പിൽ ആടുന്ന പാവക്കൂട്ടങ്ങളായി ജനാധിപത്യസംവിധാനങ്ങൾ അധഃപതിക്കുവാനോ പാടില്ല.

> അന്തർദ്ദേശീയ മനുഷ്യാവകാശനിയമ ചട്ടക്കൂടിന്റെ അനിർവാര്യഘടകമെന്ന നിലയിൽ ന്യൂനപക്ഷ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും നിറവേറ്റുന്നതിനും നിയമപരവും ധാർമ്മികവുമായ ബാധ്യതയും ഓരോ രാജ്യത്തിനുമുണ്ട്. ന്യൂനപക്ഷങ്ങളുടെ സ്വത്വവും, സംസ്കാരവും നിലനിർത്താനും വികസിപ്പിക്കാനുമുള്ള രാഷ്ട്രങ്ങളുടെ കടമയും ഉത്തരവാദിത്വവും ഐക്യരാഷ്ട്രസഭ ഉയർത്തിക്കാട്ടുന്നു.

മതേതരത്വത്തിന്റെ മഹത്വവും, നന്മയും ഭാരത സംസ്കാരത്തിന്റെ ഭാഗമാണ്. വിശ്വാസങ്ങളിൽ വ്യത്യസ്തതയുണ്ടാകാം. ചിന്തകൾ വിഭിന്നങ്ങളാകാം. പക്ഷേ ആരാധനകളിലും പ്രാർത്ഥനകളിലും മന്ത്രോച്ചാരണങ്ങളിലും കണ്ടെത്തുന്നത് ദൈവസാന്നിധ്യമാണ്. ലോകം പുറംതള്ളിക്കൊണ്ടിരിക്കുന്ന പ്രത്യയശാസ്തങ്ങൾക്കുവേണ്ടി ഇന്നും ചിലർ മുറവിളികളുയർത്താം. രക്തരൂക്ഷിത വിപ്ലവത്തേക്കുറിച്ച് വാചാലമാകുന്നവരുമുണ്ട്. പക്ഷേ ഇവയെല്ലാം ചെന്നെത്തുന്നത് മനുഷ്യനെന്ന ദൈവത്തിന്റെ മഹത്വരവും മനോഹരവുമായ സൃഷ്ടിയിലാണ്. ഈ മനുഷ്യനെ ഉപകരണങ്ങളും ആയുധങ്ങളുമാക്കി നാശത്തിന്റെ വിത്തുവിതറുവാൻ വിട്ടുകൊടുക്കുന്ന ദുഷ്ടശക്തികളെ സമൂഹം തിരിച്ചറിയണം. വിവിധ മത ചിന്താധാരകളും സാമുദായിക കൂട്ടായ്മകളും തോളോടുതോൾ ചേരുമ്പോഴാണ് സമൂഹത്തിൽ നന്മകൾ സമൃദ്ധമായി വർഷിക്കപ്പെടുന്നത്.

## മതപരിവർത്തന കേന്ദ്രങ്ങളില്ല

ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മതപരിവർത്തനകേന്ദ്രങ്ങളാണെന്ന മറ്റൊരു ആരോപണമാണ് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും ക്രൈ

സ്തവ വിരുദ്ധ വർഗ്ഗീയശക്തികൾ ഉന്നയിക്കുന്നത്. ഈ അജണ്ടകളുടെ മറുപുറമാണ് ക്രൈസ്തവ സ്ഥാപനങ്ങൾക്കുനേരെ നിരന്തരമുള്ള ആക്രമണങ്ങൾ. കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ വിദ്യാഭ്യാസ കമ്മീഷൻ മുൻകാലങ്ങളിൽ ഔദ്യോഗികമായി പുറത്തിറക്കിയ കണക്കുകൾ പൊതുസമൂഹം അറിഞ്ഞിരിക്കേണ്ടതാണ്.

ഇന്ത്യയിലാകെ 54,937 കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്. 12 യൂണിവേഴ്സിറ്റികളും മെഡിക്കൽ കോളജുകളുമുൾപ്പെടെ, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ കോളജുകൾ, ഡിഗ്രി കോളജുകൾ, ജൂണിയർ കോളജുകൾ, ഹൈസ്കൂൾ, മിഡിൽ സ്കൂൾ, പ്രൈമറി സ്കൂൾ, പ്രീ പ്രൈമറി സ്കൂൾ, ഭിന്നശേഷിക്കാർക്കുള്ള സ്പെഷ്യൽ സ്കൂൾ, വൊക്കേഷണൽ ട്രെയ്നിംഗ്, ടെക്നിക്കൽ സ്കൂൾ, തെരുവോരങ്ങളിലെ കുട്ടികൾക്കുള്ള പഠനകേന്ദ്രങ്ങൾ എന്നിവയെല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നു. ഈ സ്ഥാപനങ്ങളിലെല്ലാമായി 26,96,850 പേർ ജോലിചെയ്യുമ്പോൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം 5,19,48,600. ഇത് ഇന്ത്യയിലെ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാത്രം കണക്കെങ്കിൽ ഇതര ക്രൈസ്തവ വിഭാഗങ്ങളുടെ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ വേറെയും. 5 കോടിയിലേറെ വിദ്യാർത്ഥികൾ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രം പഠിക്കുമ്പോൾ ഇന്ത്യയിലെ ക്രൈസ്തവ ജനസംഖ്യ 2.78 കോടി മാത്രമാണെന്നുള്ളത് ചിന്തിക്കുന്ന പൊതുസമൂഹം തിരിച്ചറിയണം. ആരോഗ്യ ആതുരശുശ്രൂഷ ഉൾപ്പെടെയുള്ള കത്തോലിക്കാസഭയുടെ ബഹുജനപങ്കാളിത്ത സേവനശുശ്രൂഷാമേഖലകൾ ജോലി ചെയ്യുന്നവർ വേറെയുമുണ്ട്. എന്നിട്ടും ഏഴുപതിറ്റാണ്ടായി ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ 2.3ശതമാനം മാത്രമായി ക്രൈസ്തവ ജനസംഖ്യ നിലനിൽക്കുന്നു.

ക്രൈസ്തവ സ്ഥാപനത്തിലൂടെ പഠിച്ചിറങ്ങുന്നവരെയും വിവിധ സേവനങ്ങളിലേർപ്പെടുന്നവരെയും ക്രൈസ്തവ മിഷനറിമാർ മതപരിവർത്തനം ചെയ്തിരുന്നെങ്കിൽ ഇന്ത്യ ക്രൈസ്തവ രാജ്യമായി നാളുകൾക്കു മുമ്പേ മാറുമായിരുന്നു. മതപരിവർത്തനമല്ല, വിദ്യാഭ്യാസത്തിലൂടെയും സാംസ്കാരിക വളർച്ചയിലൂടെയും മനുഷ്യനിൽ മനപരിവർത്തനവും മാനസിക വളർച്ചയും സാമൂഹ്യ ഉയർച്ചയും സൃഷ്ടിക്കുന്ന നിസ്വാർത്ഥ സേവനമാണ് ക്രൈസ്തവരുടേത്. പക്ഷേ മതപരിവർത്തന നിരോധന നിയമം സൃഷ്ടിച്ച് ക്രൈസ്തവർക്കുനേരെ അക്രമങ്ങൾ അഴിച്ചുവിടുന്നത് ഭരണഘടന ഉറപ്പു നൽകുന്ന മതേതരത്വ മൂല്യങ്ങളെ വെല്ലുവിളിക്കുന്നതും തകർക്കുന്നതുമാണ്. ഇതിനെതിരേ പൊതുമനഃസാക്ഷി ഉണരണം.

## ജനസംഖ്യ-മുഖ്യമാനദണ്ഡം

മതഭാഷാ ന്യൂനപക്ഷങ്ങളെ നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനം ജനസംഖ്യയാണെന്ന് യുഎൻ പ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നുണ്ട്. അംഗസംഖ്യയുടെ കുറവ് ദുർബലാവസ്ഥയുടെ പ്രധാന കാരണവുമാണ്. എന്നാൽ ജൈനരെ സംബന്ധിച്ചുള്ള ബാൽ പാട്ടീൽ കേസ്സിൽ ന്യൂനപക്ഷ നിർണ്ണയത്തിനായി അംഗബലത്തോടൊപ്പം സാമൂഹികവും സാംസ്കാരികവും മതപരവുമായ അവസ്ഥകൂടി പരിഗണിക്കണമെന്ന നിരീക്ഷണം സുപ്രീംകോടതി പങ്കുവെയ്ക്കുന്നുണ്ട്. അതേസമയം ന്യായയുക്തമായ തടസ്സവാദങ്ങളുപയോഗിച്ച് നിരന്തരം

ന്യൂനപക്ഷ പദവിപോലും എടുത്തുകളയാനുള്ള നീക്കങ്ങളും അണിയറയിൽ ഒരുങ്ങുന്നുണ്ട്.

അംഗസംഖ്യയെ അടിസ്ഥാനപ്പെടുത്തി ന്യൂനപക്ഷമായിട്ടുള്ള വിവിധ മത വിഭാഗങ്ങൾ ഉന്മൂലനം ചെയ്യപ്പെടുന്നതിന്റെയും പീഢനങ്ങളേൽക്കുന്നതിന്റെയും ഒട്ടേറെ സംഭവങ്ങൾ വിവിധ രാജ്യങ്ങളിൽ നിരന്തരം തുടരുന്നത് നിസ്സാരവൽക്കരിക്കരുത്. പ്രത്യേകിച്ച് മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിൽ കൊല്ലപ്പെടുന്ന ക്രൈസ്തവരുടെ എണ്ണം ഉദാഹരണം മാത്രം. ഇന്ത്യയുടെ തൊട്ടടുത്ത് പാക്കിസ്ഥാനിൽ ജനസംഖ്യയിൽ കുറഞ്ഞ ക്രൈസ്തവ ഹൈന്ദവ മതന്യൂനപക്ഷങ്ങൾ പീഡനത്തിനിരയാകുന്നത് നിത്യസംഭവങ്ങളാണ്. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ ന്യൂനപക്ഷ മതസമൂഹങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ ശക്തിപ്രാപിച്ചുവരുന്നത് ആശങ്കപ്പെടുത്തുന്നു.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ മുസ്ലീം ഭീകരപ്രസ്ഥാനങ്ങളുടെ ക്രൈസ്തവ പീഡനത്തിന്റെ അടിസ്ഥാനം ജനസംഖ്യയിൽ ക്രൈസ്തവരിന്ന് ന്യൂനപക്ഷമാണെന്നുള്ളതാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന ജനസംഖ്യാ ന്യൂനപക്ഷ മാനദണ്ഡത്തെ സാമൂഹ്യ സാംസ്കാരിക പിന്നോക്കാവസ്ഥ ഉയർത്തിക്കാട്ടി അട്ടിമറിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സാമൂഹ്യ പിന്നോക്കാവസ്ഥ ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ അടിസ്ഥാന മാനദണ്ഡമാക്കുന്നത് ദുരുദ്ദേശപരവും രാഷ്ട്രീയ ലക്ഷ്യം മുന്നിൽ കണ്ടും മാത്രമാണ്. ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്ന മതസമൂഹത്തിനായിരിക്കണം സർക്കാർ ഭരണഘടനാപരമായി സംരക്ഷണമേകേണ്ടത്.

## ജനസംഖ്യാ കണക്കുകൾ

സ്വതന്ത്ര ഭാരതത്തിലെ ആദ്യ ജനസംഖ്യ കണക്കെടുപ്പ് നടത്തിയത് 1951-ലാണ്. ഇക്കാലത്തെ മതംതിരിച്ചുള്ള സർക്കാർ ഔദ്യോഗിക ശതമാനക്കണക്കുപ്രകാരം ഹിന്ദു 84.1%, ഇസ്ലാം 9.8%, ക്രൈസ്തവർ 2.3%, സിക്ക് 1.79%, ബുദ്ധർ 0.74%, ജൈനർ 0.46%, പാഴ്സി 0.13%, മറ്റുള്ളവർ 0.43%. തുടർന്നുള്ള 60 വർഷങ്ങളിലെ ആറ് ജനസംഖ്യാ കണക്കെടുപ്പിന്റെ അവസാനത്തേതായ 2011-ലെ ശതമാനം ഇപ്രകാരം: ഹിന്ദു 79.8%, ഇസ്ലാം 14.23%, ക്രൈസ്തവർ 2.3%, സിക്ക് 1.72%, ബുദ്ധർ 0.70%, ജൈനർ 0.37%. പാഴ്സികൾ എണ്ണത്തിൽ വളരെ കുറവായതുകൊണ്ട് ലിസ്റ്റിലില്ല. മറ്റുള്ളവർ 0.9%. ചുരുക്കിപ്പറഞ്ഞാൽ 7 സെൻസസുകൾ കഴിഞ്ഞപ്പോൾ ജനസംഖ്യാവളർച്ചയുള്ളത് ഇസ്ലാം മതത്തിനു മാത്രം. 9.8 ശതമാനത്തിൽ നിന്നും 14.23 ശതമാനത്തിലേയ്ക്ക് ഉയർന്നു. 2021ൽ സെൻസസ് നടന്നിട്ടില്ല. 2025-2026 ൽ സെൻസസ് നടത്താനുള്ള നീക്കങ്ങൾ സജീവമാണ്.

ജനസംഖ്യയിൽ ന്യൂനപക്ഷ വിഭാഗങ്ങളെ മാത്രമായെടുത്താൽ, ഇന്ത്യയിലെ 6 ന്യൂനപക്ഷ വിഭാഗങ്ങളുടെ ആകെ ജനസംഖ്യാ ശതമാനം 19.32. ഇതിൽ മുസ്ലീം ഒഴിച്ചുള്ള ബാക്കി 5 വിഭാഗങ്ങളുടെ ആകെ ജനസംഖ്യ എടുത്താൽ കേവലം 5.09 ശതമാനം മാത്രം. അതായത് ഈ അഞ്ചു മതവിഭാഗങ്ങളുടെ വളർച്ച മുരടിച്ച് പിന്നോട്ടടിച്ചു. 1971ലെ സെൻസസിൽ ഇന്ത്യയിലെ ക്രൈസ്തവ ജനസംഖ്യ 2.6 ശതമാനമായി ഉയർന്നിരുന്നതാണ് 2011-ൽ 2.3 ലേയ്ക്ക് വീണ്ടും കുറഞ്ഞു.

## സംരക്ഷണം വേണ്ടതാർക്ക്?

ന്യൂനപക്ഷ ഭൂരിപക്ഷ വേർതിരിവിന്റെ അളവുകോൽ ജനസംഖ്യയും, അംഗസംഖ്യയുടെ കുറവ് ദുർബലാവസ്ഥയുടെ പ്രധാന കാരണവുമായിരിക്കുമ്പോൾ സംരക്ഷണം വേണ്ടതാർക്ക് എന്ന ചോദ്യം ഏറെ പ്രസക്തമാണ്. കൂടുതൽ സംരക്ഷണം വേണ്ടത് ജനസംഖ്യ കുറയുന്നവർക്കോ, ജനസംഖ്യ കുതിച്ചുയരുന്നവർക്കോ? ഇന്ത്യയിലെ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഭൂരിപക്ഷ മതവിഭാഗമൊഴിച്ച് മറ്റ് 5 വിഭാഗങ്ങൾ കാലങ്ങളായി ഉയർത്തുന്ന ഈ ചോദ്യത്തിന്, വർഗ്ഗീയ വോട്ടുരാഷ്ട്രീയത്തിന്റെ അട്ടിപ്പേറ് അവകാശവുമായി അധികാര സ്വപ്നങ്ങൾ താലോലിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളിൽ നിന്ന് വ്യക്തമായ മറുപടി കിട്ടിയിട്ടില്ല.

സർക്കാർ ഖജനാവിലെ പൊതുപണം ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ പേരിൽ അതിന്റെ സിംഹഭാഗവും ഒരു മതവിഭാഗത്തിനു മാത്രമായി ചെലവിടുന്നത് മതേതരത്വഭാരതത്തിന്റെ ഭരണഘടനാ ഉത്തരവാദിത്വത്തെ കളങ്കപ്പെടുത്തുന്നതല്ലേയെന്ന ചോദ്യത്തിനും ഇതുവരെ ഉത്തരമായിട്ടില്ല.ഈ സ്ഥിതിക്ക് ഇനിയെങ്കിലും മാറ്റം വരേണ്ടതല്ലേ?

ജനസംഖ്യ കുറയുന്ന മറ്റ് ന്യൂനപക്ഷ വിഭാഗങ്ങളെ അവഗണിച്ച് സർക്കാർ ക്ഷേമപദ്ധതികളൊന്നടങ്കം സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ മാത്രമല്ല ജനസംഖ്യയിലും വളർച്ച നേടുന്നവർക്ക് വീതംവെച്ചുനൽകുന്നത് ന്യായീകരിക്കാനാവില്ല. ഇത് ന്യുനപക്ഷ സംരക്ഷണതത്വങ്ങൾക്ക് നേർ വിപരീതമാണ്. ഈ സത്യം പറയുന്നതിന് ഇവിടെ വർഗീയത ആരോപിക്കുന്നവർ യഥാർത്ഥ ന്യൂനപക്ഷ സംരക്ഷണ തത്വങ്ങൾ ബലികഴിച്ച വെറും വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ ഉപാസകർ മാത്രമാണ്. കുറച്ചുനാളുകൾ കൊണ്ട് ഇതിനെതിരെ പൊതുസമൂഹത്തിൽ നിന്നും ചർച്ചകളും ചിന്തകളുമുയരുന്നതും നീതിപീഠങ്ങളിൽ ചോദ്യം ഉന്നയിക്കപ്പെടുന്നതും പ്രതീക്ഷയേകുന്നു.

## മൈക്രോ മൈനോരിറ്റി

ഇന്ത്യയിലെ 6 വിജ്ഞാപിത മതന്യൂനപക്ഷങ്ങളിൽ ക്രിസ്ത്യൻ, സിഖ്, ബുദ്ധർ, ജൈനർ, പാഴ്സി എന്നീ 5 വിഭാഗങ്ങൾക്കും 2.5 ശതമാനത്തിൽ താഴെവീതം ജനസംഖ്യ മാത്രമാണെന്നത് സർക്കാർ രേഖയാണ്. ജനസംഖ്യ നിലവിൽ വളരെ കുറഞ്ഞിരിക്കുന്നതും കുറഞ്ഞുകൊണ്ടിരിക്കുന്നതുമായ ഈ മതവിഭാഗങ്ങൾക്കാണ് സർക്കാർ സംരക്ഷണവും ക്ഷേമപദ്ധതികളും നൽകേണ്ടത്. ഇപ്രകാരമുള്ള നടപടിയിലൂടെ മാത്രമേ രാജ്യത്ത് ശരിയായ ന്യൂനപക്ഷ സംരക്ഷണതത്വം യാഥാർത്ഥ്യമാകുകയുള്ളൂ. രാജ്യത്തെ ജാതിസംവരണ വ്യവസ്ഥയിൽ സാമൂഹിക പിന്നോക്കാവസ്ഥയുടെ ആഴമനുസരിച്ച് പട്ടിക വിഭാഗങ്ങൾ (SC,ST ), മറ്റു പിന്നോക്ക വിഭാഗങ്ങൾ (OBC) എന്ന് രണ്ടായി തിരിച്ചിരിക്കുന്നതുപോലെ മതന്യൂനപക്ഷങ്ങളിൽ കുറഞ്ഞ തോതിലുള്ള പ്രജനന നിരക്ക്, ജനസംഖ്യാവളർച്ച, ജനസംഖ്യാ അനുപാതം എന്നിവയുടെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ 5 മതന്യൂനപക്ഷങ്ങളെ രാജ്യത്തെ മൈക്രോ മൈനോരിറ്റിയായി കേന്ദ്രസർക്കാർ നിർവ്വചിക്കണം.

# സമുദായ ശക്തീകരണം
## കാലഘട്ടത്തിന്റെ അനിവാര്യത

**ഫാ. ജെയിംസ് കൊക്കാവയലിൽ**



വളരെയധികം പ്രതീക്ഷകളോടെയാണ് സീറോമലബാർ സഭ 2026 സമുദായ ശക്തീകരണവർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക, സാമൂഹിക -രാഷ്ട്രീയ രംഗങ്ങളിൽ വളരെ മുമ്പന്തിയിൽനിന്ന സമുദായമായിരുന്നു നമ്മുടേത്. കേരളം കണ്ടിട്ടുള്ള പല ഐതിഹാസിക സമരങ്ങൾക്കും നേതൃത്വം വഹിക്കാനും ഇന്ത്യയുടെ നവോത്ഥാനത്തിലും ജനാധിപത്യവൽക്കരണത്തിലും വലിയ പങ്കു വഹിക്കാനും നമുക്കു കഴിഞ്ഞിട്ടുണ്ട്. വി. ചാവറയച്ചനും മിഷണറിമാരും ഉഴുതുമറിച്ച മണ്ണിലാണ് ഇന്നു കേരളം കൊട്ടിഘോഷിക്കുന്ന പല നവോത്ഥാന നായകൻമാരും ഉയർന്നുവന്നിട്ടുള്ളത്. സാഹിത്യ-കലാ- സാംസ്കാരിക രംഗങ്ങളിലും സർക്കാരുദ്യോഗങ്ങളിലും പ്രഗത്ഭരായ പല വ്യക്തിത്വങ്ങളെയും പ്രദാനം ചെയ്യാൻ നമ്മുടെ സമുദായത്തിനു സാധിച്ചിട്ടുണ്ട്. പ്രൗഢമായ ഒരു ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും അനന്തരാവകാശികളാണ് നമ്മളെന്ന അഭിമാനബോധമുണർത്തുക എന്നത് സമുദായ ശക്തീകരണത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്.

സമുദായം നേരിടുന്ന പിന്നാക്കാവസ്ഥകളെക്കുറിച്ച് ശരിയായ ഒരു അവബോധം അംഗങ്ങളിലെത്തിക്കുക എന്നതാണ് മറ്റൊരു പ്രധാനലക്ഷ്യം. നമ്മുടെ ജനസംഖ്യ ഗണ്യമായി കുറയുന്നു, കാർഷികമേഖല നിർജീവമാകുന്നു, സാമ്പത്തിക, വ്യാപര, തൊഴിൽ, സർക്കാരുദ്യോഗതലങ്ങളിൽനിന്നു നമ്മൾ പുറന്തള്ളപ്പെടുന്നു, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക മാധ്യമരംഗങ്ങളിൽ നമ്മൾ പിന്നാക്കംപോകുന്നു, സർക്കാർ പദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല തുടങ്ങി നിരവധിയായ പ്രശ്നങ്ങൾ നമ്മൾ നേരിടുന്നുണ്ട്. നമ്മുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഈ പ്രശ്നങ്ങളെക്കുറിച്ച് എല്ലാവരും ഗൗരവമായി ചിന്തിക്കുന്ന തലത്തിലേക്ക് നമ്മുടെ ബോധനപ്രക്രിയ എത്തണം.

സമുദായം നേരിടുന്ന പിന്നാക്കാവസ്ഥകൾ പരിഹരിക്കാൻ സഹായകമാകുന്ന ഏതാനും കർമപദ്ധതികളും വർഷാചരണത്തിന്റെ ഭാഗമായി സഭ നിർദേശിക്കുന്നുണ്ട്. ഇവ നടപ്പിലാക്കപ്പെടുന്നതിലൂടെയാണ് ഈ ആചരണം വിജയത്തിലെത്തുന്നത്.

സമുദായ ശക്തീകരണവർഷാചരണം മൂന്നു ഘട്ടങ്ങളിലൂടെയാണ് നടത്താൻ ആഗ്രഹിക്കുന്നത്. പ്രാരംഭഘട്ടം ബോധവത്കരണത്തിന്റേതാണ്. ഈ ഘട്ടത്തിൽ സമുദായമെന്ന ആശയത്തിന്റെ പ്രസക്തിയെക്കുറിച്ചും സമുദായത്തിന്റെ ചരിത്രം, സമുദായം നേരിടുന്ന പിന്നാക്കാവസ്ഥ, എന്നിവയെക്കുറിച്ചും സഭയും എല്ലാ തലങ്ങളിലും ബോധവത്കരണം നടക്കണം. 2025 ഡിസംബർ അവസാനംവരെയാണ് പ്രാരംഭഘട്ടത്തിനായി കാലയളവ് നിശ്ചയിച്ചിരിക്കുന്നത്. രണ്ടാം ഘട്ടം പ്രായോഗിക നടപടികളുടേതാണ്. 2026 വർഷം മുഴുവനും ഇതിനായി നീക്കിവച്ചിരിക്കുന്നു. സഭ നിർദേശിക്കുന്ന പ്രായോഗിക നടപടികൾ ഈ കാലയളവിൽ നടപ്പാക്കണം. മൂന്നാമത്തേത് അനുബന്ധഘട്ടമാണ്. ഇത് തുടർവർഷങ്ങളിലേക്കാണ് വിഭാവനം ചെയ്യുന്നത്. കാരണം സമുദായശക്തീകരണം ഒരു വർഷംകൊണ്ട് അവസാനിക്കേണ്ട പ്രക്രിയയല്ല . നിരന്തരം തുടരേണ്ടതാണ്. വർഷാചരണം സമുദായശക്തീകരണത്തിന്റെ ഒരു പ്രാരംഭ നടപടിയും പ്രായോഗിക പരിശീലനവും മാത്രമാണ്.

വർഷാചരണത്തിന്റെ ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്. ഓരോ രൂപതയിലും ഇതിനായി നിയതമായ ക്രമീകരണം ചെയ്തിട്ടുണ്ട്. കമ്മീഷൻ ഒരു കൈപ്പുസ്തകം പുറത്താക്കിയിട്ടുണ്ട് ഇതിന്റെ അടിസ്ഥാനത്തിലാണ് ബോധവത്കരണങ്ങൾ നടത്തേണ്ടതും കർമപദ്ധതികൾ നടപ്പിലുണ്ടേണ്ടതും. മറ്റു വർഷാചരണങ്ങളിൽ പൊതുവേ കാണാറുള്ളതുപോലെ  ഒരു ഇടവകയിലോ രൂപതയിലോ സാധാരണ നടക്കുന്ന കാര്യങ്ങളെല്ലാം സമുദായ ശാക്തീകരണവർഷത്തിന്റെ ചുമലിൽ ചാർത്താൻ പാടുള്ളതല്ല. കൈപ്പുസ്തകത്തിൽ വ്യക്തമായി നിർദേശിച്ചിട്ടുള്ള പദ്ധതികൾ മാത്രമാണ് ഇതിന്റെ പരിധിയിൽ വരുന്നത്.

വർഷാചരണം ഫലപ്രദമാക്കാൻ സമുദായത്തിലെ ഓരോ വ്യക്തിയുടെയും സംഘടനയുടെയും പ്രസ്ഥാനത്തിന്റെയും സഹകരണം ആവശ്യമുണ്ട്. എല്ലാവരുടെയും സഹകരണമുണ്ടെങ്കിൽ മാത്രമാണ് വർഷാചരണം വിജയത്തിലെത്തുന്നത്.



# പ്രത്യാശാഭരിതമായ യുവത്വം

**ഡോ. തോമസ് വള്ളിയാനിപ്പുറം**



ലോകമെമ്പാടുമുള്ള യുവതയെ ആവേശം കൊള്ളിച്ച ഇന്ത്യാക്കാരനാണ് 2025 ജൂലൈമാസത്തിൽ ബഹിരാകാശയാത്ര നടത്തുകയും ബഹിരാകാശനിലയത്തിൽ താമസിച്ച് ഗവേഷണം നടത്തുകയും ചെയ്ത ശുഭാംശു ശുക്ല എന്ന യുവാവ്. തിരിച്ചെത്തിയ ശേഷം അദ്ദേഹം യുവജനങ്ങൾക്കു നൽകിയ സന്ദേശം ശ്രദ്ധേയമാണ്: 'കഠിനാധ്വാനം ചെയ്യുക; നിങ്ങളിൽത്തന്നെ വിശ്വസിക്കുക, നിങ്ങളിൽ പലർക്കും ചന്ദ്രനിൽ വരെ എത്താം." ആത്മവിശ്വാസം, കഠിനാധ്വാനം എന്നീ രണ്ടു കാര്യങ്ങളാണ് ജീവിതവിജയത്തിന്റെ താക്കോലുകളായി അദ്ദേഹം ഉയർത്തിപ്പിടിച്ചത്. പ്രത്യാശയോടെ മുന്നേറാനും ഭാവിയെ സൃഷ്ടിക്കാനും യുവജനങ്ങൾക്കു കരുത്തു പകരുന്ന സിദ്ധികളാണവ.

## യുവത്വത്തിന്റെ പ്രത്യേകതകൾ

മനുഷ്യജീവിതത്തിലെ ഏറ്റവും ഊർജ്ജസ്വലമായ കാലഘട്ടമാണല്ലോ യുവത്വം. സാമൂഹികശാസ്ത്രജ്ഞരും മനഃശാസ്ത്രജ്ഞരും യുവത്വത്തിന്റെ

അനേകം പ്രത്യേകതകളെപ്പറ്റി വിവരിക്കുന്നുണ്ടെങ്കിലും അവയിൽ മൂന്നെണ്ണമാണ് യുവത്വത്തെ തേജോമയമാക്കുന്ന ഗുണങ്ങൾ. ഒന്നാമത്തേത് ആത്മവിശ്വാസമാണ്. ദൈവം തനിക്കു നൽകിയിരിക്കുന്ന കഴിവുകൾ അംഗീകരിച്ചുകൊണ്ട് തന്നിൽത്തന്നെ വിശ്വസിക്കുന്നതാണ് ആത്മവിശ്വാസം. ഇത് സ്വാർത്ഥതയല്ല; മറിച്ച് തന്നെത്തന്നെ സ്നേഹിക്കുന്നതും തന്റെ കഴിവുകളിലും സിദ്ധികളിലും വിശ്വസിക്കുന്നതുമാണ്. ഓരോ വ്യക്തിക്കും ദൈവം അനേകം സിദ്ധികളും താലന്തുകളും നൽകിയിട്ടുണ്ട്. അവ കണ്ടെത്തുകയും വളർത്തിയെടുക്കുകയും ചെയ്യുക ഓരോരുത്തന്റേയും കടമയാണ്.

ആത്മസ്നേഹമുള്ളവർക്കേ ആത്മവിശ്വാസമുള്ളവരായിത്തീരാൻ സാധിക്കൂ. ആത്മസ്നേഹത്തിൽനിന്നാണ് സ്വയം മതിപ്പ് (self-esteem) ഉളവാകുന്നത്. ആരോഗ്യകരമായ സ്വയം മതിപ്പിൽ മൂന്ന് ഘടകങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്: (1) ഞാൻ നല്ലവനാണ്, സുന്ദരനാണ്, കുലീനനാണ് എന്നൊക്കെ ഉള്ളിൽ അനുഭവിക്കുന്നതാണ് ഒന്നാമത്തെ ഘടകം (2) എനിക്ക് ബുദ്ധിശക്തിയുണ്ട്, കഴിവുകളുണ്ട് എന്ന് അനുഭവിക്കുന്നതാണ് രണ്ടാമത്തെ ഘടകം (3) എനിക്ക് ആന്തരികശക്തിയുണ്ട്. എനിക്ക് എന്റെ ജീവിതത്തെ നിയന്ത്രിക്കാൻ തക്ക ധാർമ്മികശക്തിയുണ്ട് എന്ന് അനുഭവിക്കുന്നതാണ് മൂന്നാമത്തെ ഘടകം. സ്വയം വെറുപ്പാണ് മനുഷ്യനെ തകർക്കുന്ന ഏറ്റവും വലിയ തിന്മ. സ്വയം സ്നേഹിക്കാനും സ്വയം വിലമതിക്കാനും സാധിക്കുമ്പോഴാണ് എല്ലാ തടസ്സങ്ങളേയും അതിജീവിച്ച് മുന്നോട്ടുകുതിക്കാൻ യുവജനങ്ങൾക്കു കഴിയുന്നത്. പഴയനിമയത്തിൽ ആത്മവിശ്വാസത്തിന്റെയും സ്വയംമതിപ്പിന്റെയും ഉജ്ജ്വല പ്രതീകമാണ് ദാവീദ്. മലപോലെ നിന്ന് ഇസ്രായേലിനെ വെല്ലുവിളിച്ച ഗോലിയാത്തിനെ ഒരു കവിണയും കല്ലും ഉപയോഗിച്ച് നേരിട്ട ഇടയച്ചെറുക്കനായ ദാവീദിന്റെ ആത്മവിശ്വാസം അപാരമാണ്. ചരിത്രത്തിൽ ഏറ്റവും വലിയ ആത്മവിശ്വാസത്തിന്റെ പൂർണ്ണമായ രൂപം ദാവീദിന്റെ പുത്രനും മാനവരക്ഷകനുമായ യേശു തന്നെയാണ്. തിന്മയുടെ ശക്തികൾക്കെതിരെയുള്ള യേശുവിന്റെ പോരാട്ടം കാൽവരിക്കുരിശിന്റെ മൂർദ്ധാവോളം ഉയർന്നപ്പോൾ ശത്രുക്കൾപോലും മുട്ടുമടക്കി, 'ഈ മനുഷ്യൻ സത്യമായും ദൈവപുത്രനാണ്' എന്ന് പ്രഘോഷിച്ചു. യേശുവിന്റെ ആത്മവിശ്വാസത്തിന്റെ അജയ്യമായ ശക്തിയാണ് അവിടുത്തെ ഉയിർത്തെഴുന്നേല്പിൽ പ്രകാശിതമായത്.

'ന്യൂജെൻ' എന്നറിയപ്പെടുന്ന ഇന്നത്തെ യുവജനങ്ങൾ ആത്മവിശ്വാസമുള്ളവരാണ്. എന്നാൽ ഈ ആത്മവിശ്വാസം ചിലപ്പോൾ അഹന്തയായി അധഃപതിക്കാറുണ്ട്. അപ്പോഴാണ് യുവത അക്രമത്തിലും മദ്യാസക്തിയും മയക്കുമരുന്ന് ഉപയോഗത്തിലും നിപതിച്ച് തകർന്നുപോകുന്നത്. ദൈവത്തിലുള്ള സജീവവിശ്വാസവും ധാർമ്മികമൂല്യങ്ങളോടുള്ള പ്രതിബദ്ധതയുമുണ്ടെങ്കിൽ മാത്രമേ ശരിയായ രീതിയിൽ ആത്മവിശ്വാസം വളർത്തിയെടുക്കാനാവൂ.

യുവത്വത്തിന്റെ മറ്റൊരു പ്രത്യേകതയാണ് ഭാവ്യോന്മുഖത (Future Orientation). നല്ല ഭാവിയെ സ്വപ്നം കണ്ടുകൊണ്ട് ഭാവി സൃഷ്ടിക്കാൻ ഇറങ്ങിത്തിരിക്കുന്ന വ്യക്തിത്വ സവിശേഷതയാണ് ഭാവ്യോന്മുഖത. തന്നെപ്പറ്റിയും താൻ ഉൾപ്പെടുന്ന സമൂഹത്തെപ്പറ്റിയും നല്ല സ്വപ്നങ്ങൾ ഹൃദയത്തിൽ താലോലിക്കാൻ യുവജനങ്ങൾക്കു കഴിയണം. ഭാവിയിൽ താൻ എത്തിച്ചേരേണ്ട മേഖലയെപ്പറ്റി സു

വ്യക്തമായ ബോധ്യം അവർക്കുണ്ടാകണം. അവിടെ എത്തിച്ചേരാനായി കഠിനാധ്വാനം ചെയ്യുകയും വേണം. പൗലോ കൊയ്‌ലോ എന്ന എഴുത്തുകാരൻ 'ആൽക്കമിസ്റ്റ്' എന്ന ഗ്രന്ഥത്തിൽ എഴുതുന്നതുപോലെ, 'നിങ്ങൾ ഒരു കാര്യം തീവ്രമായി ആഗ്രഹിച്ചാൽ അതു നിങ്ങൾക്കു നേടിത്തരാൻ വേണ്ടി ഈ പ്രപഞ്ചം മുഴുവൻ ഗൂഢാലോചന നടത്തും.' നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ട്; നമുക്ക് ചെയ്തുതീർക്കാൻ ഒരു ദൗത്യമുണ്ട്. അത് മറ്റാർക്കും നമുക്കു പകരം ചെയ്യാനാവില്ല. ജീവിതത്തെപ്പറ്റി സുചിന്തിതമായ ലക്ഷ്യം മുന്നിലുള്ള യുവാവിനെ അഥവാ യുവതിയെ തോല്പിക്കാൻ ലോകത്തിൽ ഒരു ശക്തിക്കും സാധ്യമല്ല. ഭാവിയെ മുന്നിൽ കണ്ടുകൊണ്ട്, ഭാവി സൃഷ്ടിക്കാൻ കഠിനാധ്വാനം ചെയ്യുന്ന യുവതയാണ് ലോകത്തിന് അനുഗ്രഹമായിത്തീരുന്നത്. കർത്താവായ യേശു തന്നെയാണ് ഇവിടെയും നമുക്കു മാതൃക. 'ദൈവരാജ്യം' എന്ന സ്വപ്നം മനസ്സിൽ താലോലിച്ചുകൊണ്ട്, പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ശിഷ്യരെ പരിശീലിപ്പിക്കുകയും ചെയ്ത യേശുവാണ് ഭാവ്യോന്മുഖതയുടെ അനശ്വരനായ വക്താവ്.

> 'ന്യൂജെൻ' എന്നറിയപ്പെടുന്ന ഇന്നത്തെ യുവജനങ്ങൾ ആത്മവിശ്വാസമുള്ളവരാണ്. എന്നാൽ ഈ ആത്മവിശ്വാസം ചിലപ്പോൾ അഹന്തയായി അധഃപതിക്കാറുണ്ട്. അപ്പോഴാണ് യുവത അക്രമത്തിലും മദ്യാസക്തിയും മയക്കുമരുന്ന് ഉപയോഗത്തിലും നിപതിച്ച് തകർന്നുപോകുന്നത്. ദൈവത്തിലുള്ള സജീവവിശ്വാസവും ധാർമ്മികമൂല്യങ്ങളോടുള്ള പ്രതിബദ്ധതയുമുണ്ടെങ്കിൽ മാത്രമേ ശരിയായ രീതിയിൽ ആത്മവിശ്വാസം വളർത്തിയെടുക്കാനാവൂ.

യുവത്വത്തിന്റെ മൂന്നാമത്തെ പ്രത്യേകതയാണ് 'കരുണ'. 'കരുണ'യെ കുറിക്കുന്ന ലത്തീൻ പദമാണ് 'മിസ്സേറിക്കോർദിയാ'. 'മിസ്സേരാ' എന്ന ലത്തീൻ പദത്തിനർത്ഥം ഏറ്റവും ദൈന്യാവസ്ഥയിൽ ജീവിക്കുന്ന ദുഃഖിതരും പീഡിതരും എന്നാകുന്നു. അവരെ ഹൃദയത്തിലേറ്റെടുത്ത് അവരുടെ വേദനയിൽ പങ്കുചേർന്ന് അവരെ മോചിപ്പിക്കാൻ കയ്യും മെയ്യും മറന്നു പ്രവർത്തിക്കാൻ ഒരാളെ പ്രേരിപ്പിക്കുന്ന സുകൃതമാണ് കരുണ. യുവജനങ്ങൾ സമൂഹത്തിലേക്ക് ഇറങ്ങി ശുശ്രൂഷ ചെയ്യാൻ വെമ്പുന്നവരാണ്; കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പാൻ തീവ്രമായി ആഗ്രഹിക്കുന്നവരാണ്. ലോകമെമ്പാടുമുള്ള സാമൂഹികപ്രവർത്തനങ്ങൾ യുവജനങ്ങളുടെ സമർപ്പിതശുശ്രൂഷയിലൂടെ യാഥാർത്ഥ്യമായ കാര്യങ്ങളാണ്. യുവത്വത്തിന്റെ ഉൾക്കാമ്പാണ് സാമൂഹ്യപ്രതിബദ്ധതയും കരുണാമസൃണമായ സേവനപ്രവൃത്തികളും. കരുണ ഉടലാർന്ന വ്യക്തിയാണ് രക്ഷകനായ യേശു. അവിടുത്തെ അത്ഭുതപ്രവൃത്തികളും രോഗശാന്തിയും പാപമോചന ശുശ്രൂഷകളും കരുണയുടെ കരകവിഞ്ഞൊഴുകുകയായിരുന്നു. കുരിശിലാണ് ആ കരുണയുടെ പാരമ്യം നാം കാണുന്നത്.

ആത്മവിശ്വാസം, ഭാവ്യോന്മുഖത, കരുണ എന്നീ മൂന്ന് സ്വഭാവസവിശേഷതകൾ ഉള്ളിൽ പേറുന്നവരാണ് യുവജനങ്ങൾ. ഈ ഗുണങ്ങൾ ഉജ്ജീവിപ്പിച്ചാൽ യുവജനങ്ങൾ പ്രത്യാശാപൂരിതമായ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നവരാകും. ഈ പുതിയ ലോകസൃഷ്ടിക്ക് യുവത ഇറങ്ങിപ്പുറപ്പെടുക കർത്താവായ യേശുവിലേക്ക് ഉറ്റുനോക്കിക്കൊണ്ടാകട്ടെ.

## ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവക ദേവാലയത്തിൽ

# ഈശോയുടെ മനുഷ്യാവതാര ജൂബിലി കർമ്മപദ്ധതികൾ

**പ്രത്യാശാ ജ്യോതിപ്രയാണം ✦ പ്രത്യാശാ സായാഹ്ന കൺവൻഷൻ**

**ജൂബിലി തീർത്ഥാടനം**

**പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിലേയ്ക്ക്**

## പ്രത്യാശാ ജ്യോതി പ്രയാണം

ഇടവകയിലെ 1803 കുടുംബങ്ങളിലൂടെ 2025 സെപ്റ്റംബർ 14 -ാം തീയതി വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം ആരംഭിച്ച് നവംബർ 30-ാം തീയതി സമാപിക്കും.

**പ്രത്യാശജ്യോതി പ്രയാണം നടക്കുന്ന ദിവസങ്ങൾ:**

സെപ്റ്റംബർ 14, 28 ✦ ഒക്ടോബർ 5, 12, 19, 26 ✦ നവംബർ 2, 9, 16, 23, 30
എന്നീ ഞായറാഴ്ചകളിൽ

**നിർദ്ദേശങ്ങൾ:**

- വാർഡ് അടിസ്ഥാനത്തിലായിരിക്കും നമ്മുടെ ഇടവകയിൽ പ്രത്യാശാജ്യോതി പ്രയാണം നടത്തുന്നത്.
- വാർഡിലെ ഓരോ കൂട്ടായ്മകളിലേയ്ക്ക് പ്രത്യാശാജ്യോതി സംവഹിക്കപ്പെടും.
- കൂട്ടായ്മകളിലെ എല്ലാ ഭവനങ്ങളിലും പ്രത്യാശാജ്യോതി പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും:
- ഓരോ ഭവനങ്ങളും ഭക്തിപൂർവ്വം പ്രത്യാശാജ്യോതി സ്വീകരിക്കാൻ തയ്യാറെടുപ്പുകൾ നടത്തണം.
- പ്രത്യാശാജ്യോതി കടന്നുപോകുന്ന കുടുംബകൂട്ടായ്മകളിലെ കുടുംബാംഗങ്ങൾ കുമ്പസാരിക്കുകയും പരിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പരിശുദ്ധ കുർബാന സ്വീകരിക്കുകയും വേണം.
- പ്രത്യാശാജ്യോതി പേടകം പ്രതിഷ്ഠിക്കാൻ ഒരു പീഠം ഭംഗിയായി ഒരുക്കിയിരിക്കണം.
- ഞായറാഴ്ച്ചകളിലെ രാവിലെ 6.30 ന് അർപ്പിക്കുന്ന പരിശുദ്ധ കുർബാനയ്ക്കുശേഷമായിരിക്കും കുടുംബകൂട്ടായ്മാ ലിഡേഴ്സ് വികാരിയച്ചനിൽനിന്നും പേടകം ഏറ്റുവാങ്ങേണ്ടത് (വി. സെബസ്ത്യാനോസ് പുണ്യാളന്റെ തിരുനാളിനൊരുക്കമായി കഴുന്നെടുത്ത് വീടുകളിലൂടെ കടന്നുപോകുന്ന രീതിയായിരിക്കും സ്വീകരിക്കേണ്ടത്).
- ഭവനങ്ങളിൽ പേടകം കുടുംബനാഥനും നാഥയും ചേർന്ന് സ്വീകരിക്കുന്നു. പ്രത്യേകമായി ക്രമീകരിച്ചിരിക്കുന്ന പീഠത്തിൽ പ്രതിഷ്ഠിക്കുന്നു. അൽപസമയം പ്രത്യേകമായി തയ്യാറാക്കി നൽകിയിരിക്കുന്ന പ്രാർത്ഥന കുടുംബാംഗങ്ങൾ ഒന്നുചേർന്നു ചൊല്ലുന്നു.
- പ്രാർത്ഥനയ്ക്കുശേഷം തിരിച്ച് കുടുംബനാഥനും നാഥയും ചേർന്ന് തൊട്ടടുത്തുള്ള കുടുംബത്തിലെ കുടുംബനാഥനും നാഥയ്ക്കും പേടകം കൈമാറുന്നു. അല്ലെങ്കിൽ ലീഡേ ഴ്സിന്റെ പക്കലേക്ക് എടുത്തു കൊടുക്കുന്നു.

- പേടകം വരുന്ന സമയത്ത് കുടുംബാംഗങ്ങൾ എല്ലാവരും വീട്ടിലുണ്ടായിരിക്കണം.
- എല്ലാവരുടെയും പങ്കാളിത്വം പൂർണ്ണമായി ഉറപ്പിക്കാനാണ് ഞായറാഴ്ച്ച പൊതുവായി തിരഞ്ഞെടുത്തത്.
- പേടകം കൂട്ടായ്മകളിലേയ്ക്ക് ഏറ്റുവാങ്ങുന്ന ഞായറാഴ്ചകളിലെ രാവിലെ 6.30 നുള്ള വി. കുർബാനയ്ക്ക് അതാതുകൂട്ടായ്മകളിലെ അംഗങ്ങൾ എല്ലാവരും വരുന്നത് ഉചിതമായിരിക്കും. അന്നേദിവസം പരിശുദ്ധ കുർബാനയിൽ പങ്കെടുത്ത് വി. കുർബാന സ്വീകരിക്കണം. അരൂപിയുടെ ചൈതന്യം വീടുകളിൽ നിലനിർത്തണം.
- കൂട്ടായ്മകളിലെ എല്ലാ വീടുകളും പ്രത്യാശാജ്യോതി പ്രയാണം പൂർത്തിയാക്കിയാൽ പേടകം ഏറ്റവും അവസാനത്തെ വീട്ടിൽ വയ്ക്കുക. അവിടെനിന്ന് കൂട്ടായ്മകളിലെ എല്ലാ കുടുംബങ്ങളിൽ നിന്നും അംഗങ്ങൾ കീർത്തനങ്ങൾ ആലപിച്ചും, സുകൃതജപം ചൊല്ലിയും റാലിയായി കൺവൻഷൻ നടക്കുന്ന ദൈവാലയത്തിൽ വൈകിട്ട് 5.30 ന് എത്തിച്ചേരണം.
- 6.30 ഗാനശുശ്രൂഷ, പ്രാർത്ഥന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന
- 8.30 ന് സ്നേഹവിരുന്ന്, സമാപനം

| Date | Ward | Centre | No. of Units |
|---|---|---|---|
| 14 Sept. | Pastoral Centre | Pastoral Centre | 3 |
| 28 Sept. | Assumption | Assumption Chapel | 9 |
| 12 Oct. | Vazhappally | SH Convent, Vazhappally | 9 |
| 19 Oct. | Gethsemany | Gethsemany Ashram | 8 |
| 26 Oct. | Vegetable Market | Vattappally | 4 |
| 2 Nov. | Fish Market | Holy family | 5 |
| 9 Nov. | Angady-Pothodu | Cathedral | 11 |
| 16 Nov. | Cathedral | Cathedral | 7 |
| 23 Nov. | Kakkamthodu-Manchadikara-Vandipetta | Cathedral | 9 |
| 30 Nov. | Mattam-Poovakkattuchira | Cathedral | 9 |

1. ഞായറാഴ്ച ദിവസം പ്രത്യാശാജ്യോതി പ്രയാണം ആരംഭിക്കുന്നത് രാവിലെ 6.30 ന്റെ പരി. കുർബാന കഴിഞ്ഞിട്ടായിരിക്കും.
2. കൺവൻഷൻ നടക്കുന്ന സ്ഥലങ്ങളിൽ ഓരോ കൂട്ടായ്മയിൽനിന്നുമുള്ള പ്രയാണം 5.30 ന് ഒരുമിച്ച് എത്തിച്ചേരുക. തുടർന്ന് ആഘോഷമായ റംശാ, കൺവൻഷൻ, ആരാധന.

# 76-ാം ചരമവാർഷികം



## മാർ ജെയിംസ് കാളാശ്ശേരി

20.04.1892 - 27.10.1949

## ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 100-ാം ചരമവാർഷികം






**വി. തോമസ് മൂർ ദിനാചരണം - ജൂൺ 29**




**നിരണം തീർഥാടനം - ജൂലൈ 6**




**വി. അൽഫോൻസാമ്മയുടെ തിരുനാൾ - ജൂലൈ 27-28**




**മറ്റം കൺവൻഷൻ - ജൂലൈ 1, 2, 3**







മറ്റം കൂരിശടി തിരുനാൾ - ജൂലൈ 16






കാക്കാംതോട് തിരുനാൾ



പണ്ടകശ്ശാല തിരുനാൾ






വി. ജോൺ മരിയ വിയാനി ഡേ - ഓഗസ്റ്റ് 4




മരിയൻ കൺവൻഷനും വിമോചനപ്രാർത്ഥനയും








സ്വർഗാരോപണത്തിരുനാൾ 2025 ആഗസ്റ്റ് 10-15






എട്ടുനോമ്പാചരണവും ജപമാല പ്രദക്ഷിണവും






സന്യസ്തസംഗമം 2025



സ്നേഹസംഗമം 2025





സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ



പ്രത്യാശാ പേടകപ്രയാണം



പ്രത്യാശാ സായാഹ്ന കൺവൻഷൻ

# ഇടവകയുടെ പ്രാർഥനകളും ആശംസകളും...

കഴിഞ്ഞ ആറുമാസക്കാലമായി കുട്ടികളുടെ മതബോധനത്തിന് സഹായിച്ച **ഡീക്കൻ ജോൺ കാട്ടുകുടിയിൽ** (കത്തീഡ്രൽ സൺഡേസ്കൂൾ), പൗരോഹിത്യസ്വീകരണിനുള്ള ഒരുക്കത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ഡീക്കന് ഇടവകയുടെ പ്രാർഥനാശംസകൾ...

119-ാം സങ്കീർത്തനം മനഃപാഠമാക്കി സമ്മാനം നേടിയ നൂറുകണക്കിന് കുട്ടികളിൽ ഏറ്റവും പ്രായംകുറഞ്ഞ നമ്മുടെ ഇടവകയുടെ അഭിമാനമായ **ആഞ്ഞിലിപറമ്പിൽ ലൂക്കാ രാകേഷി**ന് അഭിനന്ദനങ്ങൾ.

**ശ്രീ. സൈബി അക്കര** കാത്തലിക്ക് ബിഷപ്പ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ (സി.ബി.സി.ഐ) നേതൃത്വത്തിലുള്ള ദേശീയഅല്മായ സംഘടനയായ ഓൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ (AICU) കേരള സംസ്ഥാന വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.



ചങ്ങനാശ്ശേരി സെന്റ് മേരീസ്
മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിലെ
മാർത്ത് മറിയം കബറിടപ്പള്ളിയിൽ



## ദൈവദാസൻ
## മാർ മാത്യു കാവുകാട്ടു പിതാവിന്റെ

# 56–ാമതു ശ്രാദ്ധപ്പെരുന്നാൾ

## ഒക്ടോബർ 1 മുതൽ 9 വരെ

**മെഴുകുതിരിപ്രദക്ഷിണം:** ഒക്ടോബർ 8, വൈകുന്നേരം 6.30 ന്
**പൊതിച്ചോർ നേർച്ച:** ഒക്ടോബർ 9, ഉച്ചയ്ക്ക് 12.30 ന്

## ഒക്ടോബർ 1 മുതൽ 8 വരെ എല്ലാദിവസവും

4:30 pm : റംശാ
5:00 pm : **പരി. കുർബാന,** മാധ്യസ്ഥ്യപ്രാർഥന, ഒപ്പീസ്

## ഒക്ടോബർ 9
## ശ്രാദ്ധപ്പെരുന്നാൾദിനം

**(ഉച്ചവരെയുള്ള പരിശുദ്ധ കുർബാനയർപ്പണങ്ങൾ വലിയപള്ളിയിൽ
അനുസ്മരണശുശ്രൂഷകൾ കബറിടപ്പള്ളിയിൽ)**

05:30 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**മാർ തോമസ് തറയിൽ** *(അതിരൂപതാ മെത്രാപ്പോലീത്താ)*
മെത്രാഭിഷേക പ്ലാറ്റിനം ജൂബിലി തിരിതെളിയ്ക്കൽ

07:00 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**അതിരൂപതാ കൂരിയാംഗങ്ങൾ**

08:30 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**അതിരൂപതാ നവവൈദികർ**

09:45 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**കാവുകാട്ട്പിതാവു പുരോഹിതപട്ടം നൽകിയ വൈദികർ**

11:00 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**മാർ ജേക്കബ് മുരിക്കൻ** (മാർ സ്ലീവാ ദയറാ, നല്ലതണ്ണി)

04:00 pm : പരിശുദ്ധ കുർബാനയുടെ ആരാധന, വാഴ്വ്
**ഫാ. സെബാസ്റ്റ്യൻ പുതുപ്പറമ്പിൽ**

05:00 pm : പരിശുദ്ധ കുർബാന, ഒപ്പീസ് (കബറിടപ്പള്ളിയിൽ)
**മാർ ജോർജ് കോച്ചേരി** *(അപ്പസ്തോലിക് നുൺഷ്യോ)*
(സഹകാർമികർ: ചെത്തിപ്പുഴ ആശുപത്രിയിൽ ശുശ്രൂഷചെയ്യുന്ന വൈദികർ)



"ഞാനെഴുതിയത് എഴുതി "quad serepsi, serepsi”

# അപ്പസ്തോലിക ധൈര്യത്തോടെ സഭയെ നയിച്ച കർമയോഗി: മാർ ജെയിംസ് കാളാശേരി



**ഫാ. ഡോ. തോമസ് കറുകക്കളം**
ഡയറക്ടർ, മാർതോമ്മാ വിദ്യാനികേതൻ

ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ തോമസ് കുര്യാളശേരിയുടെ നിര്യാണത്തെത്തുടർന്ന് (1925 ജൂൺ 2) 1927 ഒക്ടോബർ 24 ആം തീയതി യുവവൈദികനും പണ്ഡിതനുമായ ജെയിംസ് കാളാശ്ശേരി ചങ്ങനാശ്ശേരി രൂപതയുടെ മേലധ്യക്ഷനായി നിയമിക്കപ്പെട്ടു. പകലോമറ്റം കുടുംബത്തിന്റെ ശാഖയായ കാളാശ്ശേരി കുടുംബമായിരുന്നു ജെയിംസ് കാളാശ്ശേരിയുടെ പിതാവിന്റെ കുടുംബം. പകലോമറ്റം കുടുംബത്തിന്റെതന്നെ മറ്റൊരുശാഖയായ ചാവറ മാതൃകുടുംബവുമായിരുന്നു. ജീവിത വിശുദ്ധിയുടെ പരിമളം പരത്തിയ വിശുദ്ധ ചാവാറ കുര്യക്കോസ് ഏലിയാസച്ചൻ ജനിച്ച അതേകുടുംബത്തിലാണ് (മാതൃകുടുംബത്തിൽ) 1892 ഏപ്രിൽ 20 ന് ജെയിംസ് കാളാശേരി പിതാവിന്റെ ജനനം. 1912 ൽ വൈദികപരിശീലനത്തിനായി പുത്തൻപള്ളി സെമിനാരിയിൽ ചേരുകയും 1919 ഏപ്രിൽ 19 ന് റോമിൽവച്ചു പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് കുര്യാളശേരി പിതാവിന്റെ സെക്രട്ടറി, പെറ്റി (മൈനർ) സെമിനാരി അദ്ധ്യാപകൻ, സെന്റ് ബെർക്മെൻസ് കോളേജ് പ്രൊഫസർ എന്നീ നിലകളിൽ അസാമാന്യമായ കർമശേഷിയും ബുദ്ധിവൈഭവവും പ്രകടമാക്കി.

ഭാരത ചരിത്രത്തിലും തിരുവതാംകൂർ ചരിത്രത്തിലും ഒട്ടേറെ സുപ്രധാന സംഭവങ്ങൾക്കു സാക്ഷ്യംവഹിച്ച കാലഘട്ടത്തിലായിരുന്നു കാളശ്ശേരിപിതാവ് ചങ്ങനാശ്ശേരിയുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടത്. കഴിവുറ്റ ഭരണാധികാരി, സരസനായ വാഗ്മി, ഉൾക്കാഴ്ചയും ദീർഘവീഷണവുമുള്ള വിദ്യാഭ്യാസ പ്രവർത്തകൻ, എന്നീനിലകളിൽ പ്രസിദ്ധിനേടിയ വ്യക്തിയായിരുന്നു മാർ ജെയിംസ് കാളാശ്ശേരി. ചങ്ങനാശ്ശേരി രൂപതയിലെ അഗംങ്ങളുടെ വിശ്വാസ പോഷണത്തിനുവേണ്ടി ഒരു മാസിക ആരംഭിക്കുന്നതിനു കുര്യാളശേരി പിതാവ് ആഗ്രഹിച്ചെങ്കിലും രൂപതയുടെ പത്രികയെന്ന പദവിയോടെ 1928 ജൂലൈ 28 -ാം തീയതി ആദ്യലക്കം പ്രസിദ്ധീകൃതമായത് കാളാശ്ശേരി പിതാവിന്റെ

കാലത്തായിരുന്നു. കാളാശേരി പിതാവിനെ "കത്തോലിക്കാ വിദ്യാഭ്യാസ അവകാശസംരക്ഷകൻ" എന്ന അപരനാമത്തിനർഹനാക്കിയത് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ കാഴചപ്പാടുകളും ധീരമായ നിലപാടുകളുമായിരുന്നു. കാളാശേരി പിതാവിന്റെ വിദ്യാഭ്യാസ ദർശനങ്ങൾ കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ദർശനങ്ങളായിരുന്നു. പിതാവിന്റെ ഭരണകാലത്തു ചങ്ങനാശേരി രൂപതയിൽ അഭൂതപൂർവമായ വിദ്യാഭ്യാസപുരോഗതിയുണ്ടായി. സെന്റ് ബെർക്മെൻസ് കോളേജ് അതിന്റെ ബാലാരിഷ്ടതകൾ അതിജീവിച്ച് അസൂയാവഹമായ വളർച്ചകൈവരിച്ചതും 1949 ആഗസ്ത് 12-ാം തീയതി തന്റെ മരണത്തിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് അസംപ്ഷൻ കോളജിനു ശിലാസ്ഥാപനകർമം നിർവഹിച്ചതും ഇതിനുദാഹരണങ്ങളാണ്.

ഒരു മിഷനറി മെത്രാനായിരുന്നു മാർ ജെയിംസ് കാളാശേരി. ഈശോയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിന് അതിർത്തികളോ രാജ്യവ്യത്യാസമോ ഇല്ലാതെ തീവ്രമായി പരിശ്രമിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഭാരതത്തിലെ എല്ലാ മിഷൻ രംഗങ്ങളിലേക്കും മിഷനറിമാരെ അയച്ച അദ്ദേഹത്തിന്റെ മിഷൻ തീക്ഷ്ണതയെ അനുസ്മരിച്ചുകൊണ്ട് മദ്രാസ് മെത്രാപ്പോലീത്തയായിരുന്ന ഡോ. മത്തിയാസ് വികാരനിർഭരമായ ചരമ പ്രസംഗം നടത്തിയത് ഇതിനുദാഹരണമാണ്. കൂനൻ കുരിശ് സത്യത്തിനുശേഷം മാർത്തോമാ നസ്രാണികളുടെ ഇടയിൽ നിലനിന്നിരുന്ന ഭിന്നത പരിഹരിച്ച് പുനരൈക്യ പ്രസ്ഥാനത്തിനു അദ്ദേഹം ശക്തിപകർന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് കടുത്ത ഭക്ഷ്യക്ഷാമം അനുഭവപ്പെട്ട നാളുകളിൽ മധ്യതിരുവിതാംകൂറിൽ നിന്നും മലബാറിലേയ്ക്കു കുടിയേറിയവർക്ക് ആത്മീയ കാര്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ക്രമീകരണങ്ങൾ ഏർപ്പെടുത്തി അവർക്ക് പിതാവാശ്വാസമായി. ചങ്ങനാശേരി രൂപതയിലെ വിവിധ സഭാത്മകപ്രവർത്തങ്ങൾക്കെല്ലാം ഊർജം പകരുവാൻ ഒരു അല്മായസംഘടന ചങ്ങനാശ്ശേരി അതിരൂപതാ കത്തോലിക്കാസംഘം (സി.എ.സി) എന്നപേരിൽ എല്ലാ ഇടവകളിലും അൽമായരെ സഭയുടെ കർമരംഗങ്ങളിൽ ഉണർന്നുപ്രവർത്തിക്കുവാൻ സജ്ജമാക്കുവാൻവേണ്ടി 1937 ഒക്ടോബർ 31 ആം തീയതി സി എ സി സംഘടന ആരംഭിച്ചു. കഠിനരോഗബാധിതയായിരുന്ന അൽഫോൻസാമ്മയെ നൊവിഷ്യേറ്റ് അവസാനിപ്പിച്ച് ഭരണങ്ങാനത്തേയ്ക്കു തിരിച്ചയയ്ക്കാൻ ആലോചിച്ചു അധികാരികൾ പിതാവിനെ സമീപിച്ചപ്പോൾ "അവളെ ഭരണങ്ങാനത്തേയ്ക്ക് വിടണ്ട, അവൾ ഇവിടെകിടന്നു മരിക്കുന്നെങ്കിൽ മരിക്കട്ടെ" എന്ന് പറഞ്ഞുകൊണ്ട് സമർപ്പണജീവിതം തുടരുവാൻ സഹായിച്ച വ്യക്തിയായിരുന്നു കാളാശേരി പിതാവ്.

കാളാശേരി പിതാവിനെ അവിസ്മരണീയനാക്കുന്നതും ഭാരത്തിനകത്തും പുറത്തും അദ്ദേഹത്തിന്റെ പേരിനു പ്രശസ്തി നേടികൊടുത്തതുമായ സംഭവമാണ് അദ്ദേഹം സർ സി.പി. യുടെ വിദ്യാഭ്യാസ നയത്തിനെതിരെ സഭയുടെ അവകാശങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനായി മുഴക്കിയ കാഹളധ്വനി. തിരുവതാംക്കൂർ മഹാരാജാവിന്റെ കാര്യോപദേഷ്ടാവായി സർ സി.പി. 1936 ൽ തിരുവതാംകൂർ ദിവാനായിത്തീർന്ന നാൾമുതൽ ക്രിസ്ത്യാനികളോട് വളരെ വിവേചനപൂർവവും നീതിരഹിതവുമായിട്ടാണ് പെരുമാറിയിട്ടുള്ളത്. തിരുവതാംകൂർ സംസ്ഥാനത്തെ പ്രൈവറ്റ് പ്രൈമറിസ്കൂളുകൾ ദേശസാത്കരിക്കുക, വിദ്യാലത്തിൽനിന്നു മതപഠനം എടുത്തുമാറ്റുക എന്ന

ലക്ഷ്യങ്ങളോടുകൂടി അദ്ദേഹം തിരുവിതാംകൂർ നിയമസഭയുടെ രണ്ടുമണ്ഡലങ്ങളിലും പ്രേമേയങ്ങൾ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കുകയും 1945 ആഗസ്ത് 10-ാം തീയതി ദിവാൻ പുതിയ വിദ്യാഭ്യാസനയം പ്രഖ്യാപിക്കുകയും ചെയ്തു. ഈ അവസരത്തിൽ പുതിയവിദ്യാഭ്യാസനയത്തിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ വിശദീകരിച്ചുകൊണ്ട് 1945 ആഗസ്ത് 15-ാം തീയതി ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസ് കാളാശേരി തന്റെ ചരിത്രപ്രസിദ്ധമായ ഇടയലേഖനം ആദ്യം ദീപികയിലും പിന്നീട് രൂപതയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മധ്യസ്ഥനിലും (സെപ്റ്റംബർ -ഒക്ടോബർ 1945) പ്രസദ്ധീകരിച്ചു. പ്രസ്തുത ഇടയലേഖനം രണ്ടാഴ്ചക്കകം പിൻവലിച്ച പരസ്യമായി മാപ്പുപറയണമെന്നും അല്ലാത്തപക്ഷം യുക്തമായ ശിക്ഷാ നടപടികൾ കൈകൊള്ളുന്നതാണെന്നും കാണിച്ചുള്ള നോട്ടീസ് 1945 സെപ്റ്റംബർ 6 ആം തീയതി കാളാശേരി മെത്രാനയച്ചു. ഈ അവസരത്തിൽ അപ്പോസ്തോലിക ധൈര്യത്തോടെ ചരിത്രപ്രസിദ്ധമായ 124 ആം നമ്പർ ഇടയലേഖനത്തിൽ എപ്രകാരം എഴുതി "ഏതായാലും വന്ദ്യ സഹോദരരേ വാത്സല്യമക്കളേ, നിങ്ങളൊട്ടുംതന്നെ വ്യസനിക്കേണ്ട . നിങ്ങളാരും കരയുകയുംവേണ്ട. "എന്തെന്നാൽ ആകാശവും ഭൂമിയും കടന്നുപോകും. എന്റെ വചനങ്ങളോ കടന്നുപോവുകയില്ല" എന്നരുൾചെയ്ത ദൈവപുത്രന്റെ ഒരു വിനീതാപ്പസ്തോലനല്ലയോ നാം? പിലാത്തോസുപോലും തൻ മരണത്തിനു വിധിച്ച 'കുറ്റപുള്ളി' കുരിശിൽ തറക്കപ്പെട്ടു കൊല്ലപ്പെട്ടശേഷവും, അതിന്റെ മുകളിലെഴുതപ്പെട്ടിരുന്ന വാക്യങ്ങൾ ഭേദഗതിവരുത്തണമെന്നു യൂദന്മാർ ആവശ്യപ്പെട്ടപ്പോൾ "ഞാനെഴുതിയത് എഴുതി" (quad serepsi , serepsi Jn 19,22 ) എന്ന് ധൈര്യസമേതം പറഞ്ഞെങ്കിൽ , നാമെത്ര ന്യായത്തിൽ നമ്മുടെ സഭയുടെ ജീവനെപ്രതി ധീരതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു." സഭയുടെ താല്പര്യങ്ങൾക്കുവേണ്ടി, സത്യത്തിനും നീതിക്കുവേണ്ടി എന്തും സഹിക്കുന്നതിനു തയ്യാറായ ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനായിരുന്നു മാർ ജെയിംസ് കാളാശേരി.

## ഉപസംഹാരം

പ്രഗത്ഭരായ എല്ലാവ്യക്തികളും അവർ ജീവിച്ചിരുന്ന കാലഘട്ടത്തെ അടയാളപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്തിട്ടുള്ളവരാണ്. ഇതുപോലെ താൻ ജീവിച്ചകാലഘട്ടത്തെ അവിസ്മരണീയനാക്കിയ വ്യക്തിയായിരുന്നു മാർ ജെയിംസ് കാളാശേരി. കാളാശേരി പിതാവ് തന്റെ ഇടയലേഖനത്തിൽ ഇപ്രകാരം ഒരു മുന്നറിയിപ്പു നല്കിയിരുന്നു. ജനങ്ങളുടെ ജന്മാവകാശത്തിൽ കൈവച്ച് വിദ്യാഭ്യാസം ദേശസാത്കരിക്കുന്നത് ദൈവദ്രോഹമാണെന്നും അങ്ങനെ പ്രവർത്തിക്കുന്ന ഏതു വൻശക്തിയും നിലനില്ക്കാതെ തകരുമെന്നും, ഈ പ്രവചനം 1947 ജൂലൈ 25-ാം തീയതി അന്വർഥമായി എന്നതും ചരിത്രസത്യമായി അവശേഷിക്കുന്നു. ഭരണപാടവം പുലർത്തിയവനും, ധീരനും, ദൈവപരിപാലനയിൽ ആഴമായ വിശ്വാസം പുലർത്തിയ വ്യക്തിയായിരുന്നു മാർ ജെയിംസ് കാളാശ്ശേരി. ദിവ്യകാരുണ്യത്തോട് അഗാധമായ ഭക്തി, പരിശുദ്ധ അമ്മയോട് പുത്രനിർവിശേഷമായ സ്നേഹം, കർത്തവ്യബോധം, നിശ്ചയദാർഢ്യവും നർമ്മബോധം ഇവയെല്ലാം പിതാവിന്റെ എടുത്തുപറയേണ്ട ഗുണങ്ങളാണ്. ഈ കാലഘട്ടത്തിലും ഇതുപോലെയുള്ള ആധ്യാത്മിക നേതൃത്വത്തിനായി നമുക്ക് ശക്തമായി പ്രാർത്ഥിക്കാം.



# മതപരിവർത്തന നിരോധന നിയമം ഭരണഘടനാവിരുദ്ധം

**ടോം കുര്യൻ തോപ്പിൽ**



ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിലുണ്ട്. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മതേതരത്വം, ന്യൂനപക്ഷാവകാശങ്ങൾ, സഞ്ചാരസ്വാതന്ത്ര്യം എന്നിവയുടെ നഗ്നമായ ലംഘനമാണ് മതപരിവർത്തന നിരോധന നിയമം.

ഛത്തീസ്ഗഡിലെ ദുർഗ് റെയിൽവേ സ്റ്റേഷനിൽ വച്ച് രണ്ട് കന്യാസ്ത്രീകൾക്കും ക്രിസ്തുമത വിശ്വാസികളായ മൂന്ന് പെൺകുട്ടികൾക്കും സുഖ്മാൻ മാണ്ഡവി എന്ന ആദിവാസി യുവാവിനും ആൾക്കൂട്ട വിചാരണ ഉണ്ടായി. മതപരിവർത്തന നിരോധന നിയമം മനുഷ്യക്കടത്ത് എന്നീ ഗൗരവകരമായ കുറ്റങ്ങൾ ആരോപിച്ചാണ് ബജ്റംഗ്ദൾ പ്രവർത്തകർ പരസ്യ കുറ്റവിചാരണ നടത്തിയത്. ദുർഗ് പോലീസ് പ്രാഥമികാന്വേഷണംപോലും നടത്താതെ ബജ്റംഗ്ദൾ സമ്മർദ്ദത്തിനു വഴങ്ങി വ്യാജ

എഫ്.ഐ.ആർ തയ്യാറാക്കി രണ്ടു കന്യാസ്ത്രീകളെയും ആദിവാസി യുവാവിനെയും ജയിലിൽ അടച്ചു.

ഗ്രീൻ ഗാർഡൻസ് സന്യാസിനി സമൂഹത്തിൽപ്പെട്ട സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ്, കമലേശ്വർ എന്ന ആദിവാസി യുവാവിനെയുമാണ് ഛത്തീഗഡ് സർക്കാർ അന്യായമായി ജയിലിൽ അടച്ചത്. ജ്യോതിശർമ്മ എന്ന ബജ്റംഗ്ദൾ നേതാവിന്റെ സാന്നിദ്ധ്യത്തിൽ 80 ബജ്റംഗ്ദൾ പ്രവർത്തകർ പരസ്യകുറ്റവിചാരണ നടത്തിയത്. അർഹതപ്പെട്ട സാമാന്യനീതിപോലും നിഷേധിക്കുകയും മനുഷ്യക്കടത്തും മതപരിവർത്തന നിരോധന നിയമവും ചുമത്തി എട്ടു ദിവസത്തോളം ജയിലിൽ അടച്ച് പീഡിപ്പിച്ചത് മനുഷ്യമനഃസാക്ഷിയെ ഞെട്ടിച്ച അപൂർവ്വ സംഭവമാണ്.

പ്രസ്തുത സംഭവം ഇന്ത്യൻ ഭരണഘടനയുടെ മതേതരത്വം, ന്യൂനപക്ഷാവകാശങ്ങൾ, സ്വാതന്ത്ര്യ സഞ്ചാരം, ജനാധിപത്യം എന്നിവയ്ക്കു ഏറ്റം കനത്ത തിരിച്ചടിയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതെ ഇരിക്കാൻ വേണ്ട സത്വരനിയമ നടപടികൾ കേന്ദ്രസർക്കാർ സ്വീകരിക്കണം. സംസ്ഥാന സർക്കാറുകൾക്ക് കർശന മാർഗ്ഗനിർദ്ദേശം നൽകി ഇത്തരം സംഭവങ്ങൾ ഇന്ത്യയിൽ വീണ്ടും ആവർത്തിക്കാതെ മുൻകരുതൽ സ്വീകരിക്കണം. ജാതിമതരാഷ്ട്രീയഭേദമില്ലാതെ ഇന്ത്യയിലെ ജനങ്ങൾ ഒന്നടങ്കം രംഗത്തുവരണം. മതപരിവർത്തന നിരോധന നിയമം ദുരുപയോഗിക്കുന്നത് തടയുകയും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം.



ദുർഗിലെ സെഷൻസ് കോടതി കന്യാസ്ത്രീകളുടെ കേസ് എൻഐഎ കോടതിയിലേക്ക് റഫർ ചെയ്ത നടപടി ചട്ടവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണ്. കേന്ദ്രസർക്കാരിന്റെ അനുവാദത്തോടെ മാത്രമേ എൻഐഎ കേസുകൾ സംസ്ഥാന സർക്കാരുകൾ എടുക്കാൻ കഴിയുകയുള്ളു. വിശദമായ അന്വേഷണം നടത്തി ശക്തമായ തെളിവുണ്ടെങ്കിലെ എൻഐഎ കോടതിയുടെ അധികാരപരിധിയിൽ വരികയുള്ളു. ഛത്തീഗഡ് സർക്കാരും മുഖ്യമന്ത്രിയും പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാട് ആശാസ്യമല്ല. ബജ്റംഗ്ദളിന്റെ നടപടിക്കു മൗനാനുവാദം നൽകി ന്യായികരിച്ചത് ജനാധിപത്യ വിരുദ്ധമാണ്. മാത്രമല്ല ന്യൂനപക്ഷാവകാശ ധ്വംസനവും ഇന്ത്യയുടെ മതേതര സങ്കല്പത്തിന് ഭീഷണിയാണ്.

> ഒഡീഷയിൽ രണ്ട് മലയാളി വൈദികരേയും കന്യാസ്ത്രീകളെയും ബജ്രംഗ്ദൾ പ്രവർത്തകരുടെ നേതൃത്വത്തിൽ ആക്രമിക്കുകയും പരസ്യകുറ്റവിചാരണയും നടത്തി പീഡിപ്പിക്കുകയും ചെയ്തു. ഈ സംഭവം ഒഡീഷ സർക്കാർ ബജ്രംഗ്ദളിന്റെ കാട്ടുനീതിയ്ക്കു മൗനാനുവാദം നൽകിയതിന്റെ ഉദാഹരണമാണ്. വേലിതന്നെ വിളവു തിന്നുന്നു എന്ന ചൊല്ല് അന്വർത്ഥമാകുന്നതാണ് ഒഡീഷ സംഭവം.

ഒഡീഷയിൽ രണ്ട് മലയാളി വൈദികരേയും കന്യാസ്ത്രീകളെയും ബജ്റംഗ്ദൾ പ്രവർത്തകരുടെ നേതൃത്വത്തിൽ ആക്രമിക്കുകയും പരസ്യകുറ്റവിചാരണയും നടത്തി പീഡിപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിൽ ഒഡീഷ

സർക്കാർ ബജ്റംഗ്ദളിന്റെ കാട്ടുനീതിയ്ക്കു മൗനാനുവാദം നൽകിയതിന്റെ ഉദാഹരണമാണ്. വേലിതന്നെ വിളവു തിന്നുന്നു എന്ന ചൊല്ല് അന്വർത്ഥമാകുന്നതാണ് ഒഡീഷ സംഭവം.

ഒഡീഷയിലെ ജലേശ്വറിൽ ഫാ. ജിജേ നിരപ്പേൽ, ഫാ. ജോജോ വൈദ്യക്കാരൻ കന്യാസ്ത്രീകൾ എന്നിവരെ ആക്രമിക്കുകയും പരസ്യകുറ്റവിചാരണ നടത്തുകയും ചെയ്തു. ഛത്തീഗഡ് സംഭവത്തിനുശേഷം ഉണ്ടായ ഒഡീഷസംഭവം സൂചിപ്പിക്കുന്നത് സംഘപരിവാറിന്റെ തീവ്രഹിന്ദുത്വ അജൻണ്ടയാണ്. കുറ്റക്കാരായ ബജ്റംഗ്ദൾ പ്രവർത്തകരെ നിയമപരമായി ശിക്ഷിക്കാതെ, ക്രൈസ്തവവേട്ടയ്ക്കു മൗനാനുവാദം നൽകുന്നത് ഭരണവിരുദ്ധമായ നടപടിയാണ്.

05 ആഗസ്റ്റ് മാസത്തിൽ ഛത്തീഗഡ്, ഒഡീഷ സംസ്ഥാനങ്ങളിലും റായ്പൂരിൽ ആരാധനാലയത്തിലും പ്രവേശിച്ച് പ്രാർത്ഥനയെ തടസ്സപ്പെടുത്തി വിശ്വാസികളെ മർദ്ദിച്ചതും ഗൗരവത്തോടെ വീക്ഷിക്കണം. ന്യൂനപക്ഷമായ ക്രൈസ്തവവേട്ട തുടരുന്നത് ജനാധിപത്യത്തിനും മതേതരത്വത്തിനും ന്യൂനപക്ഷാവകാശ സംരക്ഷണത്തിനും ഭരണഘടനതന്നെ വെല്ലുവിളിക്കുന്നതിന് തുല്യമാണ്.

കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നിസ്സംഗത വെടിഞ്ഞ് കുറ്റക്കാരായ ബജ്റംഗ്ദൾ പ്രവർത്തകർക്ക് എതിരേ സത്വര നിയമനടപടികൾ സ്വീകരിക്കണം അല്ലെങ്കിൽ മേൽപ്പറഞ്ഞ ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കും. മണിപ്പൂർ സംസ്ഥാനത്ത് ക്രൈസ്തവവേട്ട നടത്തിയ സംഘപരിവാറിന്റെ വർഗ്ഗീയ അജൻഡ മനസ്സിലാക്കി ഇന്ത്യയിലെ ക്രൈസ്തവർ ജാഗ്രതയോടെ മുന്നോട്ടു പോകണം. വർഗ്ഗീയ ഫാസിസ്റ്റ് നടപടികളെ എതിർക്കാനും സിബിസിഐയും കെസിബിസിയും സംയുക്തമായി രംഗത്തുവരണം. കേരളത്തിൽ നിന്നുള്ള എം.പി.മാരും പാർലമെന്റിന്റെ ഇരുസഭകളിലും ക്രൈസ്തവാക്രമണത്തിന്റെ യഥാർത്ഥ ചിത്രം അനാവരണം ചെയ്യണം. പ്രധാനമന്ത്രി മൗനം വെടിഞ്ഞ് മതപരിവർത്തന നിരോധന നിയമം ദുരുപയോഗിക്കുന്നത് തടയാൻ സത്വരനിയപടികൾക്ക് നേതൃത്വം നൽകണം. സിബിസിയുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി ന്യൂനപക്ഷാവകാശ ധ്വംസനത്തിൽ യഥാസമയം പ്രതികരിക്കുകയും ജാഗ്രതയോടെ ഭാവി വെല്ലുവിളികളെ നേരിടാൻ ക്രൈസ്തവരെ പ്രാപ്തരാക്കുകയും വേണം. പ്രതിസന്ധികളിൽ തളരാതെ ക്രിസ്തുവിന്റെ മാർഗ്ഗത്തിലൂടെ കുരിശുകളെ ഒറ്റക്കെട്ടായി നേരിടണമെന്ന് അഭ്യർത്ഥിക്കുന്നു.



“ഛത്തീസ്ഗഢിലെ ദുർഗ് റെയിൽവേ സ്റ്റേഷനിൽ വച്ച് രണ്ട് കന്യാസ്ത്രീകൾക്കും ക്രിസ്തുമത വിശ്വാസികളായ മൂന്ന് പെൺകുട്ടികൾക്കും കമലേശ്വർ എന്ന ആദിവാസി യുവാവിനും ആൾകൂട്ട വിചാരണ ഉണ്ടായി. മതപരിവർത്തന നിരോധന നിയമം മനുഷ്യക്കടത്ത് എന്നീ ഗൗരവകരമായ കുറ്റങ്ങൾ ആരോപിച്ചാണ് ബജ്റംഗ്ദൾ പ്രവർത്തകർ പരസ്യ കുറ്റവിചാരണ നടത്തിയത്. ദുർഗ് പോലീസ് പ്രാഥമികാന്വേഷണംപോലും നടത്താതെ ബജ്റംഗ്ദൾ സമ്മർദ്ദത്തിനു വഴങ്ങി വ്യാജ എഫ്.ഐ.ആർ തയ്യാറാക്കി രണ്ടു കന്യാസ്ത്രീകളെയും ആദിവാസി യുവാവിനെയും ജയിലിൽ അടച്ചു.

# കോവിഡ്കാല സ്മരണകൾ

അഡ്വ. വി.വി ജോർജ്ജുകുട്ടി വാരണത്ത്

## 'ഓർമ്മയുണ്ടോ ഈ മുഖം'

കോവിഡ് മഹാമാരി ലോകത്തിൽ നിർദാക്ഷണ്യം പടർന്നതിന്റെ അഞ്ച് വർഷങ്ങൾ പൂർത്തിയാകുന്നു. ഇനിയും പൂർണ്ണമായി കീഴടക്കാൻ സാധിച്ചിട്ടില്ലാത്ത ഈ വിപത്ത് ഇപ്പോഴും അവിടിവിടെയായി ജീവനുകളെ വേട്ടയാടി മുറിവുകളിൽ ചോര പടർത്തുന്നു. ലോകമെങ്ങും എന്നപോലെ കേരളത്തിലും കോവിഡ് മരണങ്ങൾ ഇപ്പോഴും സംഭവിക്കുന്നു. വിവരാവകാശ കണക്കുപ്രകാരം 2020 മുതൽ 2025 ഓഗസ്റ്റ് വരെ 6930010 കോവിഡ് കേസുകളും 72175 കോവിഡ് മരണങ്ങളുമാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇതിൽ ഈ 2025 വർഷത്തിൽമാത്രം ഓഗസ്റ്റ് മാസംവരെ 8768 പുതിയ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും 58 മരണങ്ങൾ സംഭവിക്കുകയും ചെയതിരിക്കുന്നു. ഈ സാഹചര്യത്തിൽ, കോവിഡ് മൂർദ്ധന്യാവസ്ഥയിൽ എല്ലാ അർത്ഥത്തിലും സമ്പൂർണ്ണ ലോക്ഡൗണിൽ ലോകം അകപ്പെട്ട സാഹചര്യത്തിൽ നമ്മുടെ ചുറ്റുപാടും നടന്ന മരണങ്ങളിൽ ആദ്യമൊന്ന് പകച്ചെങ്കിലും മനക്കരുത്തോടെ മരവിപ്പിനെ മറികടന്ന് സാന്ത്വനത്തിന്റെ ചൂട് പകരാൻ ശ്രമിച്ച നമ്മുടെ ഇടവകയെയും ഇടവക ദൈവാലയ സംവിധാനങ്ങളേയും ഇടവകയിലെ Cremation Unit നെയുംകുറിച്ച് ഓർക്കാതെ വയ്യ. ഇക്കാര്യങ്ങളെക്കുറിച്ച് പലർക്കും ധാരണയുണ്ടെങ്കിൽപ്പോവും കൃത്യവും വ്യക്തവുമായ അറിവുകൾ ഉണ്ടോയെന്ന് സംശയിക്കുന്നു.

## വർഷം 2020

കോവിഡിന്റെ മൂർദ്ധന്യ കാലം. പെ.ബ. കുര്യൻ പുത്തൻപുരയച്ചനായിരുന്നു അന്ന് വികാരി. അസിസ്റ്റന്റ് വികാരിമാരായ വർഗ്ഗീസ് കിളിയാട്ടുശേരി, അലൻ വെട്ടുകുഴി, റിജോ ഇടമുറിയിൽ എന്നിവരും കൈക്കാരന്മാരായ ജോണി ജോസഫ് കണ്ടങ്കരി, വിന്നി വി. ജോർജ്ജ് കല്ലൂക്കളം, വി.വി ജോർജ്ജുകുട്ടി വാരണത്ത് എന്നിവരും മറ്റ് ജീവനക്കാരും പള്ളിയുടെ നടത്തിപ്പിൽ അന്ന് ബദ്ധശ്രദ്ധാലുക്കളായിരുന്നു. മാസ്ക് ശരീരത്തിലെ ഒരു പുതിയ ആവരണമായും സാനിറ്റൈസർ ശരീരഗന്ധമായും മാറിയ കാലം. കടകമ്പോളങ്ങൾ അടഞ്ഞുകിടന്ന കാലം. ക്വാറൈന്റെനും സാമൂഹ്യഅകലവും പോലീസ് പരിശോധനയും സത്യവാങ്മൂ

ലവും റൂട്ട് മാപ്പും സ്ഥിരപരിചിതമായ കാലം. അയൽപക്കക്കാർപോലും ഓൺ ലൈനുകളിലൂടെ മുഖം കണ്ടിരുന്ന കാലം. പള്ളിയിൽ ടോക്കൺ വെച്ച് കുർബാന നടത്തുന്ന കാലം. ഒരു കൂട്ടായ്മക്ക് ഒരു ടോക്കൺ നൽകി അമ്പതു പേരായി നിജപ്പെടുത്തി രജിസ്റ്ററിൽ പേരും മൊബൈൽനമ്പറും രേഖപ്പെടുത്തി, ഡിജിറ്റൽ തെർമോമീറ്ററിൽ ചൂട് അളന്ന്, കൈകളിൽ സാനിട്ടൈസർ പുരട്ടി, കാലുകൾ വെള്ളത്തിൽ കഴുകി കുർബാനക്ക് ആളെ പ്രവേശിപ്പിച്ചിരുന്ന കാലം. നേർച്ച പ്പെട്ടിയിലും കുരിശടികളിലും നേർച്ച വരവില്ല. വാടകവരവ് പൂർണ്ണമായും നിലച്ചു. അക്ഷരാർത്ഥത്തിൽ വരുമാനം വട്ടപൂജ്യം. ജീവനക്കാരുടെ ശമ്പളം പകുതിയാ ക്കിയിരുന്നു. നിത്യച്ചെലവിന് പണം കണ്ടെത്താൻ മാർഗ്ഗമില്ലാത്ത അവസ്ഥ. പ്രതിമാസം ആയിരം രൂപ വീതം പള്ളിക്ക് നൽകാൻ സാദ്ധ്യതയുള്ളവരെ കണ്ടെത്തി. ആവശ്യങ്ങൾ പറഞ്ഞു. മറ്റൊരു തരത്തിൽ പറഞ്ഞാൽ പള്ളിക്കു വേണ്ടി യാചിച്ചു. ആ സുമനസ്സുകൾ എല്ലാവരും മറുചോദ്യം ചോദിക്കാതെ പണം നൽകാൻ തയ്യാറായി. അങ്ങനെ ഒന്നാം പാദം അവസാനിച്ചു.

## കോവിഡ് മരണങ്ങൾ

കുര്യൻ പുത്തൻപുരയച്ചൻ കട്ടച്ചിറ പള്ളിയിലേക്ക് സ്ഥലം മാറുകയും തു ടർന്ന് പെ. ബഹു. ജോസ് കൊച്ചുപറമ്പിലച്ചൻ ഇടവക വികാരിയായി ചാർജെ ടുത്തു. 10.10.2020-ൽ ഇടവകയിലെ ആദ്യ കോവിഡ് മരണം റിപ്പോർട്ട് ചെയ്തു. കോവിഡ് മാനദണ്ഡം അനുസരിച്ചുമാത്രമേ മൃതസംസ്കാരം നടത്താൻ സാ ധിക്കുകയുണ്ടായിരുന്നുള്ളൂ. പ്രോട്ടോക്കോൾ പ്രകാരം 10 അടി താഴ്ചയിൽ കുഴിയെടുത്ത് കോൺക്രീറ്റ് ചെയ്ത് അടക്കം ചെയ്യാനോ ക്രിമേറ്റ ചെയ്യാനോ മാത്രമേ അനുവാദം ഉണ്ടായിരുന്നുള്ളൂ. 10 അടി താഴ്ചയിൽ കുഴിയെടുത്ത് അടക്ക് നടത്താൻ നമ്മുടെ സിമിത്തേരിയിൽ സാധ്യമല്ലാതിരുന്നതിനാൽ കോ ട്ടയത്ത് നിന്ന് അഭയം ചാരിട്ടബിൾ ട്രസ്റ്റിന്റെ ക്രിമേഷൻ യൂണിറ്റ് വരുത്തി പ്രേ ാട്ടോകോൾ പ്രകാരം ക്രിമേഷൻ നടത്തി മൃതസംസ്കാരം നടത്തി. 18000 രൂപ യായിരുന്നു അന്നത്തെ ക്രിമേഷൻ ചാർജ്. പിന്നീട് അടുത്ത കോവിഡ് മരണം റിപ്പോർട്ട് ചെയ്തപ്പോൾ ചേർത്തലയിൽ നിന്ന് പുനർജനി എന്ന യൂണിറ്റിനെ വരുത്തി 8000 രൂപക്ക് സാധാരണ ചിതയുടെ രീതിയിൽ നടത്തി. എന്നാൽ കോവിഡ് മരണ നിരക്ക് വർദ്ധിച്ചപ്പോൾ ചേർത്തലക്കാരെയും സമയത്ത് കി ട്ടാത്ത അവസ്ഥയായി. അങ്ങനെയാണ് പള്ളിക്ക് സ്വന്തമായി ഒരു ക്രിമേഷൻ യൂണിറ്റ് നിർമ്മിക്കാം എന്ന ആലോചനയിലെത്തിയത്. തുടരന്വേഷണത്തിൽ എരുമേലിക്കാരൻ അമ്മാവൻ രണ്ടു ലക്ഷം രൂപക്ക് സ്റ്റീലിൽ യൂണിറ്റ് നിർമ്മിച്ച് നൽകാം എന്ന് ഏറ്റു. ഈ ആവശ്യം പറഞ്ഞ് പതിനായി രം രൂപ സംഭാവന ചോദിച്ച് ഇടവകയുടെ വാട്ട്സ്ആപ്പിൽ ഒരു സന്ദേശം അയച്ചു. 24 മണിക്കൂറിനുള്ളിൽ നല്ലവരായ ഇടവകജനം രണ്ടു ലക്ഷം രൂപ നൽകി. ഓർഡർ കൊടുത്ത് പത്തു ദിവസം കഴിഞ്ഞപ്പോൾ യൂണിറ്റ് എത്തി.



## വെഞ്ചരിപ്പ്

02.06.2021-ൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം വെഞ്ചരിപ്പുകർമ്മം നടത്തി. തദവസരത്തിൽ അഭിവന്ദ്യ പിതാവ് പറഞ്ഞ 'ഈ വെഞ്ചരിപ്പ് എനിക്ക് ദുഃഖകരമാണ്. എന്നിരുന്നാൽത്തന്നെ ഈ സാഹചര്യത്തിൽ അനേകർക്ക് ഇത് ഉപകാരപ്രദമാവും എന്നതിൽ എനിക്ക് സംതൃപ്തിയുണ്ട്' എന്ന വാക്കുകൾ ഞാൻ ഇപ്പോഴും ഓർക്കുന്നു. 'മോക്ഷയാനം' എന്ന് ക്രിമേഷൻ യൂണിറ്റിന് പേര് നൽകി. രണ്ട് സിലിണ്ടറിന് 4000 രൂപയും മറ്റുചെലവുകൾക്കായുള്ള 2000 രൂപയും കണക്കാക്കി ഒരു ക്രിമേഷന് 6000 രൂപ എന്ന് തുകയും നിശ്ചയിച്ചു.

## കണക്കുകൾ

തുടർന്ന് ഇടവകയും നാടും ലോകമൊട്ടുക്കും ഭീതിയുടെയും ദുഖത്തിന്റെയും നാളുകളായിരുന്നു. ആ നാളുകളിൽ മോക്ഷയാനംവഴി നൂറ്റിഇരുപതോളം ഹതഭാഗ്യരായ കോവിഡ് ബാധിച്ച് മരണപ്പെട്ട സഹോദരങ്ങൾക്ക് മാന്യവും ദൈവികവുമായ അന്ത്യയാത്ര നൽകാൻ സാധിച്ചു എന്ന കാര്യം കോവിഡ് മഹാമാരിയുടെ കാലത്ത് നമ്മുടെ ഇടവകയുടെ വ്യത്യസ്ഥമായ സഹായഹസ്തമായി രേഖപ്പെടുത്തപ്പെട്ടു. തത്തംപള്ളി മുതൽ കൂത്രപ്പള്ളി വരെയുള്ള 39 ഇടവകകളിൽനിന്നും വൈദികർ, സത്യസ്തർ തുടങ്ങി ലാറ്റിൻ, ഓർത്തഡോക്സ്, CSI വിഭാഗങ്ങളിൽ നിന്നു വരെ മൃതദേഹങ്ങൾ ഇവിടെയെത്തിച്ച് ക്രിമേഷൻ നടത്തികൊണ്ടുപോയി. കൃത്യമായ കണക്ക്പ്രകാരം 10.10.2020 മുതൽ 26.09.2022 വരെ 119 കോവിഡ് മൃതദേഹങ്ങൾ നമ്മൾ ക്രിമേറ്റ് ചെയ്തു. ഇതിൽ 106 എണ്ണം ഇടവകയുടെ സ്വന്തം യൂണിറ്റ് ഉപയോഗിച്ചും 13 എണ്ണം വാടകയ്ക്കെടുത്ത യൂണിറ്റ് ഉപയോഗിച്ചുമാണ് ക്രിമേറ്റ് ചെയ്തത്. 2 വൈദികർ, 4 സന്യസ്തർ, കത്തീഡ്രൽ ഇടവകാംഗങ്ങളായ 14 പേര്, മറ്റ് 39 ഇടവകകളിൽനിന്നും 80 പേര്, CSI (2) Jacobite (1), ലത്തീൻ (2), അന്യമതസ്ഥർ (1) എന്നിങ്ങനെയാണ് ഈ യൂണിറ്റിലൂടെ ക്രിമേറ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം. ആശുപത്രിയിൽ നിന്ന് ആമ്പുലൻസിൽ സിമിത്തേരി ഗേറ്റിനു മുമ്പിൽ എത്തിക്കുന്ന മൃതദേഹം PPE കിറ്റ് ധരിച്ച വോളന്റിയർമാർ സിമിത്തേരിക്ക് പിറകിലെ ക്രിമേഷൻ യൂണിറ്റിൽ എത്തിച്ച് അവിടെ PPE കിറ്റ് ധരിച്ച നമ്മുടെ ഓപ്പറേറ്റർമാർ സിമിത്തേരിയിൽ



നിന്ന് എല്ലാവരെയും പുറത്താക്കി ഗേറ്റ് അടച്ച് യൂണിറ്റ് പ്രവർത്തിപ്പിച്ച് രണ്ടര മണിക്കൂർ കഴിയുമ്പോൾ ചിതാഭസ്മം മഞ്ചത്തിലാക്കി മൂടി സിമിത്തേരി പള്ളിയിലെ മേശയിൽ വെക്കുന്നു. അവിടെ നിന്ന് ബന്ധുക്കൾ ഏറ്റുവാങ്ങി സംസ്കാരത്തിനായി അതതു പള്ളികളിലേക്ക് കൊണ്ടുപോവുന്നു. മൃതദേഹം സിമിത്തേരിക്കു മുമ്പിലെത്തുമ്പോൾ നമ്മുടെ ഇടവകയിലെ വൈദികരിൽ ഒരാൾ വന്ന് കോവിഡ് മൃതസംസ്കാരത്തിന് തയ്യാറാക്കിയ പ്രാർത്ഥന ചൊല്ലിയാണ് അകത്തേക്ക് അയച്ചിരുന്നത്. അപ്പോൾ വൈദികരും ഞങ്ങൾ കൈക്കാരന്മാരിൽ ആരെങ്കിലും ഒരാളും മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. പള്ളിജീവനക്കാരായ ജോണിയുടേയും സണ്ണിയുടേയും സേവനങ്ങൾ മഹനീയമായിരുന്നു. അടുത്ത ബന്ധുക്കൾപോലും മണിമാളികയുടെ ഭാഗത്തും കൊച്ചുപള്ളിയുടെ മോണ്ഡളത്തിലും നിന്ന് അന്ത്യയാത്ര പറയുന്ന ഹൃദയഭേദകമായ കാഴ്ചയായിരുന്നു. രാത്രി ഒരു മണിക്ക് പോലും ക്രിമേഷൻ നടത്താൻ സിമിത്തേരിയിൽ പോവേണ്ടി വന്നിട്ടുണ്ട്. അങ്ങനെ ഭീതിയുടെ നാളുകളിലൂടെ രണ്ടാം പാദം കടന്നുപോയി.

## സന്തോഷങ്ങളുടെയും ആഘോഷങ്ങളുടേയും മൂന്നാം പാദം

കോവിഡ്കാലത്ത് ആദ്യം എത്തിയത് ആഗസ്റ്റ് 15 ലെ ഇടവകത്തിരുനാൾ ആയ സ്വർഗ്ഗാരോപണ തിരുനാൾ ആയിരുന്നു. പെ. ബ. വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ ചരിത്രത്തിൽ ആദ്യമായി ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപം ആഘോഷപൂർവ്വം എഴുന്നള്ളിച്ച് അങ്ങാടി-ചന്തക്കടവ്-കാക്കാംതോട് വഴി കവലയിലെത്തി പള്ളിയിൽ തിരിച്ചെത്തി. എല്ലാ കോവിഡ് നിബന്ധനകളും പാലിച്ചാണ് പ്രദക്ഷിണം തിരികെ പള്ളിയിലെത്തിയത്. പിറവിത്തിരുനാളും സാമാന്യം ഭംഗിയായി നടത്തപ്പെട്ടു. മകരം തിരുനാൾ നടത്തിപ്പിന്റെ ആചോലന തുടങ്ങിയപ്പോൾ തന്നെ തിരുസ്വരൂപം നഗരം ചുറ്റി പ്രദക്ഷിണം നടത്തണം എന്ന നിർദ്ദേശം വന്നു. അതിൻപ്രകാരം പട്ടണത്തിന്റെ എല്ലാ കോണുകളിലും എത്തുന്ന രീതിയിൽ റൂട്ട് മാപ്പ് തയ്യാറാക്കി ട്രയൽ റൺ നടത്തി റൂട്ട് തീരുമാനിച്ചു. രണ്ട് ദിവസങ്ങളിലായി പെരുന്ന, പുഴവാത്, ചന്തക്കടവ്, വെട്ടിത്തുരുത്ത്, പാറേക്കടവ്, വാഴപ്പള്ളി, പാലാത്രച്ചിറ, അസംപ്ഷൻ, ബൈപാസ് അരമനപപടി, പാസ്റ്ററൽ സെന്റർ എന്നിവടങ്ങിലെല്ലാം പ്രദക്ഷിണമെത്തിയത് വേറിട്ട ഒരു അനുഭവമായി ഇടവക ജനങ്ങൾ ഇന്നും ഓർക്കുന്നു. 2021-22 വർഷവും ഞങ്ങൾ കൈക്കാരന്മാരായി. രണ്ടാംവർഷവും ഇപ്രകാരം തുടർന്നു. ഇതിനിടയിൽ ഫാ. റ്റോബി പുളിക്കാശ്ശേരി, ഫാ. തോമസ് മാളിയേക്കൽ, ഫാ. സജേഷ് ഇളംതുരുത്തി, എന്നിവരും മാറി വന്നിരുന്നു.

ഈ കാലഘട്ടത്തിൽ രണ്ടു വർഷവും തിരുനാളുകൾ നഗരം ചുറ്റി പ്രദക്ഷിണമായാണ് കൊണ്ടാടിയത്. വലിയപള്ളിയുടെ ചരിത്രത്തിൽ കേട്ടുകേഴ്വിയില്ലാത്ത ചരിത്രം കുറിച്ച സംഭവമായി ആ തിരുനാളുകൾ മാറി. ഇനിയും വരാൻ സാദ്ധ്യതയില്ലാത്ത സംഭവങ്ങളും ചരിത്രവുമാണ് ആ കാലഘട്ടത്തിൽ രചിക്കപ്പെട്ടത്.

കോവിഡും മറ്റ് മഹാമാരികളും ഇനിയൊരിക്കലും ഉണ്ടാവാതിരിക്കട്ടെ എന്ന പ്രത്യാശയോടെ നിർത്തുന്നു.

EDAVAKA VARTHAKAL



# ഇടവക വാർത്തകൾ

## പ്രത്യാശ ജ്യോതി പ്രയാണം

ഈശോയുടെ മനുഷ്യാവതാരത്തിന്റെ മഹാജൂബിലിയോടനുബന്ധിച്ച് ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന പ്രത്യാശയുടെ ജൂബിലി വർഷത്തിന്റെ സമാപനമായി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ പ്രത്യാശ ജ്യോതി പ്രയാണം ഉദ്ഘാടനം ചെയ്തു. ഫാ. നിഖിൽ അറയ്ക്കത്തറ, ഫാ. ഷെറിൻ കുറശ്ശേരി, ഫാ. സിറിൾ കളരിയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ഇടവകയിലെ രണ്ടായിരത്തിനടുത്ത് വരുന്ന ഭവനങ്ങളിലൂടെ ജ്യോതി പ്രയാണം കടന്നുപോകും. സെപ്റ്റംബർ 14 ന് പാസ്റ്ററൽ സെന്റർ വാർഡ്, സെപ്റ്റംബർ 28 ന് അസംപ്ഷൻ വാർഡ്, ഒക്ടോബർ 12 ന് വാഴപ്പള്ളി വാർഡ്, ഒക്ടോബർ 19 ന് ഗദ്സമനി വാർഡ്, ഒക്ടോബർ 26 ന് സസ്യമാർക്കറ്റ് വാർഡ്, നവംബർ 16 ന് കത്തീഡ്രൽ വാർഡ്, നവംബർ 23 ന് വണ്ടിപ്പേട്ട - കാക്കാംതോട്- മഞ്ചാടിക്കര വാർഡുകൾ, നവംബർ 30 ന് മറ്റം - പൂവക്കാട്ടുചിറ വാർഡുകൾ എന്നിങ്ങനെയാണ് പ്രയാണം ക്രമീകരിച്ചിരിക്കുന്നത്.

## വിശുദ്ധ കുർബാന ഭവനങ്ങളിൽ

മാസാദ്യവെള്ളിയാഴ്ചകളിൽ കിടപ്പുരോഗികൾക്ക് ഭവനങ്ങളിൽ വിശുദ്ധ കുർബാന നൽകുന്നതിലേക്ക് കത്തീഡ്രൽ, അങ്ങാടി-പോത്തോട്, പാസ്റ്ററൽ സെന്റർ എന്നീ വാർഡുകളിൽ ബഹു. ഷെറിൻ കുറശ്ശേരി അച്ചനും വെജിറ്റബിൾ മാർക്കറ്റ്, ഫിഷ് മാർക്കറ്റ്, മറ്റം-പൂവക്കാട്ടുചിറ എന്നീ വാർഡുകളിൽ ഡയറക്ടർ ബഹു. സിറിൾ കളരിയ്ക്കൽ അച്ചനും, കാക്കാംതോട്-വണ്ടിപ്പേട്ട-മഞ്ചാടിക്കര വാർഡുകളിൽ ഡയറക്ടർ ബഹു. നിഖിൽ അറയ്ക്കത്തറ അച്ചനും നേതൃത്വം നൽകിവരുന്നു. ബഹു. വൈദികരോടൊപ്പം ക്രമീകരണങ്ങൾക്ക് ശ്രീ. ജോബി തൂമ്പുങ്കൽ, ശ്രീ. എ.ജെ. ജോസഫ് ആലഞ്ചേരി, ശ്രീ. സുബിൻ മതിച്ചിപറമ്പിൽ, ശ്രീ. സുനിൽ പാലത്തിങ്കൽ തുടങ്ങിയവർ നിസ്വാർത്ഥമായ ശുശ്രൂഷ ചെയ്തു വരുന്നു. വി. കുർബാന സ്വീകരിക്കുന്നതിന് താൽപര്യമുള്ള കിടപ്പുരോഗികളുടെ വിവരങ്ങൾ ചാർജുള്ള ഡയറക്ടർ അച്ചന്മാരെ യഥാസമയം അറിയിക്കുവാൻ കൂട്ടായ്മ ലീഡേഴ്സ് ശ്രദ്ധിക്കുമല്ലോ.

## ബൈബിൾ കൺവെൻഷൻ 2025 അവലോകനയോഗം

ചങ്ങനാശേരി അതിരൂപതാ ജൂബിലി ബൈബിൾ കൺവെൻഷൻ 2025 അവലോകനയോഗം 2025 മെയ് 31-ാം തീയതി നവമശതാബ്ദിഹാളിൽ കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സി. ചെറുപുഷ്പം SABS, സി. ബെറ്റി റോസ് SABS എന്നി

വരുടെ പ്രാർത്ഥനാശുശ്രൂഷയോടുകൂടി ആരംഭിച്ച യോഗത്തിന് അതിരൂപതാ കുടുംബക്കൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് മാന്തുരുത്തിൽ സ്വാഗതവും അതിരൂപത മുഖ്യ വികാരിജനറാൾ റവ. ഫാ. ആന്റണി ഏത്തക്കാട്ട് മുഖ്യപ്രഭാഷണവും നടത്തി. ബൈബിൾ കൺവെൻഷന്റെ റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം ജനറൽ കോ-ഓർഡിനേറ്റർ ഡോ. റൂബിൾ രാജും കണക്കവതരണം ഫിനാൻസ് കമ്മിറ്റി കൺവീനർ ശ്രീ. ടോമിച്ചൻ അയ്യരുകുളങ്ങരയും 40 ദിനരാത്ര കരുണാർത്ഥന പ്രാർത്ഥനയുടെ അവലോകനം ശ്രീ. സാംസൺ വലിയപറമ്പിലും അവതരിപ്പിച്ചു. കൈക്കാരന്മാരായ ശ്രീ. എ. ജെ. ജോസഫ് ആലഞ്ചേരി, ശ്രീ. കുര്യച്ചൻ ഒളശ്ശയിൽ, ശ്രീ. ചാൾസ് പാലാത്തറ, പാസ്റ്ററൽ കൗൺസിൽ അംഗം ബീന ജോബി തൂമ്പുങ്കൽ, പബ്ലിസിറ്റി കൺവീനർ ശ്രീ സൈബി അക്കര എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ജൂബിലി ബൈബിൾ കൺവെൻഷൻ വോളന്റീയർ കമ്മിറ്റി കൺവീനറും കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ മാസ്റ്റർ ഓഫ് സെറിമണി ആയ അവലോകനയോഗത്തിന് മൊബിലൈസേഷൻ കമ്മിറ്റി കൺവീനർ ശ്രീ. ചെറിയാൻ നെല്ലുവേലി നന്ദിപ്രകാശനവും നടത്തി. അഭിവന്ദ്യ തറയിൽ പിതാവിന്റെ സമാപനാശീർവാദത്തോടെ യോഗം അവസാനിച്ചു. തുടർന്ന് ഗ്രൂപ്പ് ഫോട്ടോ, സ്നേഹവിരുന്ന് എന്നിവയോടുകൂടി അതിരൂപതാ ജൂബിലി കൺവെൻഷൻ അവലോകനയോഗം പൂർണ്ണമായി.

## ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദി ദിനം

ചങ്ങനാശേരി രൂപതയുടെ പ്രഥമ മെത്രാനും വി. കുർബാനയുടെ ആരാധനാസന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായി ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദിദിനത്തിൽ 6:00 am ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും 10:30ന് സീറോ മലബാർ മേജർ ആർച്ചുബിഷപ് എമരിത്തൂസ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് 12:00 pm ന് പാരീഷ് ഹാളിൽ ശ്രാദ്ധാടിയന്തിരത്തിനുള്ള ഭക്ഷണനേർച്ച വെഞ്ചരിപ്പ് നടന്നു. തുടർന്ന് നേർച്ചഭക്ഷണം വിതരണത്തിനു തുടക്കമായി. നേർച്ചഭക്ഷണവിതരണത്തിന്റെ ഉദ്ഘാടനവും അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിപിതാവ് നിർവ്വഹിച്ചു.

റോമിലുള്ള SABS കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സ് സ്മരണാഞ്ജലിക്കായി അണിയിച്ചൊരുക്കിയ ഒരു വീഡിയോ പ്രസന്റേഷൻ പാരീഷ് ഹാളിൽ പ്രദർശിപ്പിച്ചു. കുര്യാളശ്ശേരി പിതാവ് റോമിൽ വൈദികപഠനം നടത്തിയകാലത്ത് അദ്ദേഹം സഞ്ചരിച്ച വഴികളിലൂടെയും അദ്ദേഹം സന്ദർശിച്ച പള്ളികളിലൂടെയുമുള്ള ഒരു യാത്രയാണ് വീഡിയോ പ്രസന്റേഷനിൽ ഉടനീളം പ്രതിപാദിക്കുന്നത്.

ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് വികാരിയായി 1901 മുതൽ 1911 വരെയുള്ള നാളുകളിൽ ശുശ്രൂഷ ചെയ്തിട്ടുള്ള പള്ളിയിലെ ബഹു. വികാരിമാർ 12 മണിയുടെ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം 5 മണിയുടെ പരിശുദ്ധ കുർബാനയും സന്ദേശവും അതിരൂപതാ മുഖ്യവികാരി ജനറാൾ റവ. ഫാ. ആന്റണി ഏത്തക്കാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സഹകാർമ്മികനായി. ശ്രദ്ധാടിയന്തിരത്തിലും തിരുക്കർമ്മങ്ങളിലും നൂറുകണക്കിന് വിശ്വാസികൾ ഭക്ത്യാദരപൂർവ്വം പങ്കുചേർന്നു.

സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ 2025 ആഗസ്റ്റ് 01 മുതൽ 15 വരെ തീയതികളിൽ നടന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ നന്മനിറഞ്ഞ ജീവിതം നമുക്ക് ഏറ്റവും നല്ല മാതൃകയാണ്. പരിശുദ്ധ അമ്മയെപ്പോലെ വിശുദ്ധിനിറഞ്ഞ ജീവിതം നയിക്കാനും സ്വർഗ്ഗം ലക്ഷ്യമാക്കി ജീവിക്കാനും നമുക്ക് പ്രചോദനവും ശക്തിയും ലഭിക്കട്ടെ. ആഗസ്റ്റ് 10 ഞായറാഴ്ച തിരുനാൾ കൊടിയേറി. ആഗസ്റ്റ് 13 ബുധനാഴ്ച മാതാവിന്റെ തിരുസ്വരൂപം കൊച്ചുപള്ളിയിൽ പ്രതിഷ്ഠിക്കുന്നു. ആഗസ്റ്റ് 14 വ്യാഴാഴ്ച, സിമിത്തേരി സന്ദർശനത്തെ തുടർന്ന് കവലയിലേക്ക് മെഴുകുതിരി കത്തിച്ചുള്ള ജപമാലപ്രദക്ഷിണം. കൽക്കുരിശ് ഇറങ്ങി മാർക്കറ്റ് ചുറ്റി പള്ളിയിലേക്ക്, തുടർന്ന് കൊടിയിറക്ക്.

## സന്യസ്തസംഗമം 2025

ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസിനികളുടെ കൂടിച്ചേരൽ - സന്യസ്തസംഗമം 2025 കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഷെറിൻ കുറശ്ശേരി, റവ. ഫാ. നിഖിൽ അറയ്ക്കത്തറ, റവ. ഫാ. സിറിൾ കളരിക്കൽ, കൈക്കാരന്മാരായ എ.ജെ. ജോസഫ് ആലഞ്ചേരി, ചാൾസ് പാലാത്തറ, കുര്യച്ചൻ ഒളശ്ശയിൽ, കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ജോബി തൂമ്പുങ്കൽ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് പ്രസംഗിച്ചു.

റവ. സി. ലിസ കുര്യൻ CMC, റവ. സി. ലിൻസി FCC, റവ. സി. ലിസറ്റ FCC, റവ.സി. ക്ലെയർ മരിയ SH, റവ. സി. ജെയിൻ ജോൺ FDSHJ, റവ. സി. വത്സമ്മ ജോസഫ് OMMI, റവ. സി. ത്രേസ്യാമ്മ ജോസഫ് SOIL, റവ. സി. ജോസഫിൻ ADORES, റവ. സി. ആൻ ഗ്രേയ്സ് SMS എന്നിവർ തങ്ങളുടെ ശുശ്രൂഷാമേഖലകളുടെ അനുഭവസാക്ഷ്യങ്ങൾ പങ്കുവെച്ചു.

## സ്നേഹസംഗമം

സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിലെ 74 കൂട്ടായ്മകളിലെയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സംഗമം - സ്നേഹസംഗമം 2025 നടത്തപ്പെട്ടു. 2025 ജൂൺ 29 ഞായർ 3:30 pm ന് നവമശതാബ്ദി ഹാളിൽ കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സ്നേഹസംഗമം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. നിഖിൽ അറയ്ക്കത്തറ സ്വാഗതമാശംസിച്ച സംഗമത്തിന് കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ നന്ദി പറഞ്ഞു. ജനറൽ സെക്രട്ടറി ശ്രീമതി ലിസിമോൾ തുരുത്തയിൽ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ച സംഗമത്തിൽ ഫാ. ഷെറിൻ കുറശ്ശേരി, ഫാ. സിറിൾ കളരിക്കൽ, ആനിമേറ്റർ ശ്രീ. എ.ജെ. ജോസഫ് ആലഞ്ചേരി എന്നിവർ ആശംസകൾ നേർന്നു. പെരിയ ബഹു. വാണിയപ്പുരയ്ക്കലച്ചന്റെ സമാപന ആശീർവ്വാദത്തിനുശേഷം സ്നേഹവിരുന്നോടെ സ്നേഹസംഗമത്തിന് പരിസമാപ്തിയായി.

## മരിയൻ കൺവെൻഷനും വിമോചനപ്രാർത്ഥനയും

സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തോടനുബന്ധിച്ച് ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിയോടനുബന്ധിച്ച് നടത്തിയ മരിയൻ കൺവെൻഷനും വിമോചനപ്രാർ

ത്ഥനയും ഇടവകക്ക് പുതിയ ആത്മീയ ഉണർവേകി. 2025 ഓഗസ്റ്റ് 6 മുതൽ 10 വരെ തീയതികളിൽ നടന്ന കൺവെൻഷന് റവ. ഡോ. അലോഷ്യസ് കുളങ്ങര (ഹോളി സ്പിരിറ്റ് മിനിസ്ട്രി, കോഴിക്കോട്) നേതൃത്വം നൽകി. ഉണർവിന്റെയും ആത്മീയാനുഭവത്തിന്റെയും ഈ ദിനങ്ങളിൽ അലോഷ്യസ് അച്ചന്റെ കൗൺസിലിംഗ് ടീം സജീവമായി ശുശ്രൂഷ ചെയ്തു.

## ഇടവക വാർത്തകൾ

- പെന്തക്കുസ്താ തിരുനാളിന് ഒരുക്കമായുള്ള പരിശുദ്ധ കുർബാനയുടെ ആരാധന ജൂൺ 7 ശനിയാഴ്ച വൈകിട്ട് 7L00 മണി മുതൽ 8:00 മണിവരെ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നേതൃത്വം നൽകി. പെന്തക്കുസ്താ തിരുനാളിൽ 8:00 മണിയുടെ പരിശുദ്ധ കുർബാനക്കുശേഷം കുട്ടികളെ എഴുത്തിന് ഇരുത്തി.

- കാക്കാംതോട് സെന്റ് തോമസ് കുരിശടിയിൽ മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ 2025 ജൂൺ 30, ജൂലൈ 1,2,3 തീയതികളിൽ നടന്നു. മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയാചരിക്കുന്ന ദുക്റാന തിരുനാളിന്റെ കൊടിയേറ്റ് ജൂലൈ 2ന് വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. ജൂലൈ 3ന് 4:30ന് ആഘോഷപൂർവ്വമായ തിരുനാൾകുർബാനയെ തുടർന്ന് പ്രദക്ഷിണം, നേർച്ചവിതരണം, ലേലം, കൊടിയിറക്ക്.

- പണ്ടകശാലകടവ് കുരിശടിയിൽ ഈശോയുടെ ശ്ലീഹന്മാരിൽ പ്രഥമ രക്തസാക്ഷിയായ മാർ യാക്കോബ് ശ്ലീഹായുടെ തിരുനാൾ 2025 ജൂലൈ 15 മുതൽ 25 വരെ ആചരിച്ചു. പ്രധാന തിരുനാൾദിനമായ ജൂലൈ 25-ാം തീയതി 5:00 pm ന് ആഘോഷമായ തിരുനാൾ കുർബാന അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടംപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. തുടർന്ന് മാർക്കറ്റ് ചുറ്റി പ്രദക്ഷിണം നടത്തി.

- ഭാരതത്തിലെ പ്രഥമ വിശുദ്ധയും സഹനപുത്രിയുമായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 27, 28 തീയതികളിൽ കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ നടന്നു. ജൂലൈ 27 ന് കൊടിയേറി. 28 ന് ആഘോഷപൂർവ്വമായ തിരുനാൾകുർബാനയെ തുടർന്ന് പ്രദക്ഷിണം. ശേഷം നേർച്ചവിതരണവും കൊടിയിറക്കും.

- ഛത്തീസ്ഘട്ടിൽ കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത നടപടിക്കെതിരെ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ നേതൃത്വത്തിൽ പ്രതിഷേധിച്ചു. നീതി നിഷേധിക്കപ്പെട്ടവരുടെയും പാർശ്വൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സന്യസ്തരുടെ ആത്മവീര്യം കെടുത്തുന്നതാണെന്നും ഭരണഘടനക്കും മതേതരത്വത്തിനും നേരെയുള്ള കടന്നുകയറ്റവും തീരാകളങ്കവുമാണെന്നും ഈ നടപടി അത്യന്തം വേദനയുളവാക്കുന്നതാണെന്നും സന്യസ്തരെ വേഗത്തിൽ മോചിപ്പിക്കണമെന്നും ഇടവകസമൂഹം ഒന്നടങ്കം ആവശ്യപ്പെട്ടു.

- ആലപ്പുഴ പുന്നമടക്കായലിൽ നടന്ന 2025 ലെ ജലോത്സവത്തിൽ ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്യവിന്റെ കൈയൊപ്പുള്ള നെഹ്റു ട്രോഫി നേടിയ ചുണ്ടൻവള്ളത്തിന്റെ ക്യാപ്റ്റനും നമ്മുടെ ഇടവകക്കാരുമായ പുല്ലുകാട്ട് ബിഫി വർഗീസിനും ചീഫ് കോ-ഓർഡിനേറ്റർ വടക്കുമുറി ജീൻ വി.

സോജനും കത്തീഡ്രൽ വികാരി പെരിയ ബഹു. വാണിയപ്പുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ സ്നേഹോഷ്മളമായ വരവേൽപ് നൽകി. കൊച്ചച്ചന്മാർ, കൈക്കാരന്മാർ, കൗൺസിൽ അംഗങ്ങൾ, കൂട്ടായ്മാംഗങ്ങൾ, സംഘടനാപ്രതിനിധികൾ, ഇടവകജനങ്ങൾ പങ്കെടുത്തു. ബിഫി വർഗീസ് പുല്ലുകാടിനും ജീൻ വി. സോജൻ വടക്കുംമുറിക്കും അഭിനന്ദനങ്ങൾ.

- സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ കബറിടപ്പള്ളിയിൽ 65 വയസിന് മുകളിൽ പ്രായമുള്ളവരുടെ കൂട്ടായ്മ 2025 ഓഗസ്റ്റ് 21 വ്യാഴാഴ്ച സീനിയർ സിറ്റിസൺ ഡേ ആയി ആചരിച്ചു.
- കാവുകാട്ടുപിതാവിന്റെ 56-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഓഗസ്റ്റ് 31-ാം തീയതി പ്രതിനിധിയോഗാംഗങ്ങളുടെയും കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെയും സംഘടനാഭാരവാഹികളുടെയും സംയുക്തസമ്മേളനം നവമശതാബ്ദി ഹാളിൽ ചേർന്ന് വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കാവുകാട്ട് പിതാവിന്റെ നാമകരണ വൈസ് പോസ്റ്റുലേറ്റർ പ്ലാത്താനം അച്ചൻ ചരമവാർഷികാചരണം നടത്തിപ്പിനെക്കുറിച്ച് വിശദീകരിച്ചു.
- ലോകസമാധാനത്തിനായി ലിയോ പതിനാലാമൻ മാർപാപ്പ ആഹ്വാനം ചെയ്ത ഉപവാസപ്രാർത്ഥന 2025 ഓഗസ്റ്റ് 22 വെള്ളിയാഴ്ച നടന്നു.
- കത്തീഡ്രൽ യുവദീപ്തിയും മാതൃപിതൃവേദിയും ചേർന്നൊരുക്കിയ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയുടെ ഓണാഘോഷം സെന്റ് മേരീസ് എൽ.പി. സ്കൂളിൽ സെപ്റ്റംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് നടന്നു. വിവിധ കലാ-കായികമത്സരങ്ങൾ നടത്തി.
- സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയോടനുബന്ധിച്ചുള്ള അങ്ങാടി കുരിശടിയിൽ വി. മിഖായേൽ മാലാഖയുടെ തിരുനാൾ 2025 സെപ്റ്റംബർ 27, 28, 29 തീയതികളിൽ ഭക്തിനിർഭരമായി കൊണ്ടാടി.
- കേരള കാത്തലിക് ബൈബിൾ സൊസൈറ്റി KCBC ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന 25-ാമത് ലോഗോസ് ക്വിസിന്റെ രൂപതാതല പരീക്ഷാതീയതി 2025 സെപ്റ്റംബർ 28.
- നമ്മുടെ ദൈവാലയത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി കൂട്ടായ്മാ ലീഡേഴ്സിന്റെ സഹകരണത്തോടെ ബഹു. വൈദികർ ഭവനങ്ങളിലെത്തി ഫണ്ട്ശേഖരണം നടത്തിവരുന്നു.

## കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

സെപ്റ്റംബർ 14 ന് വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോടനുബന്ധിച്ച് 13-ാം തീയതി വൈകിട്ട് 6:00 മണിക്ക് ദൈവാലയത്തിന്റെ മുൻവശത്തുള്ള കൽക്കുരിശിങ്കൽ ആഘോഷപൂർവ്വകമായ റംശാപ്രാർത്ഥന നടന്നു.

## അഭിവന്ദ്യ ജോർജ് കോച്ചേരി പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷം

അഭിവന്ദ്യ ജോർജ് കോച്ചേരി പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷം 2025 ഓഗസ്റ്റ് 14 വ്യാഴാഴ്ച മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്നു. അഭി. പിതാവിനെ സ്വീകരിച്ച് സഹകാർമ്മികർ പ്രദക്ഷിണമായി പള്ളിയുടെ പ്രധാന കവാടത്തിലൂടെ പ്രവേശിച്ചു. 3:00 pm ന്റെ പരിശുദ്ധ കുർബാനയ്ക്ക്

അഭിവന്ദ്യ കോച്ചേരിപിതാവ് മുഖ്യമാർമ്മികത്വം വഹിച്ചു. മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ പിതാവ് വചനസന്ദേശം നൽകി. തുടർന്ന് പാരീഷ് ഹാളിൽ അനുമോദനസമ്മേളനവും സ്നേഹവിരുന്നും നടന്നു.

## നൂറുമേനി സീസൺ 3

നൂറുമേനി സീസൺ 3 മഹാസംഗമവും സമ്മാനദാനവും സെപ്റ്റംബർ 13-ാം തീയതി ശനിയാഴ്ച കാവുകാട്ടു ഹാളിൽ നടന്നു. നമ്മുടെ ഇടവകയിൽനിന്നു വിജയിച്ച സമ്മാനാർഹർ സമ്മാനം ഏറ്റുവാങ്ങി. വിജയികൾക്കും പങ്കെടുത്ത വർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

ഒത്തിരി സ്നേഹത്തോടെ,
**ജോബി തൂമ്പുങ്കൽ** (ജനറൽ കൺവീനർ - കുടുംബകൂട്ടായ്മ)

## വിൻസെന്റ് ഡി പോൾ സൊസൈറ്റി

ദൈവസ്നേഹത്തിലധിഷ്ഠിതമായ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തു ന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി 1932 ലാണ് നമ്മുടെ പള്ളിയിൽ ആരംഭിച്ചത്. ഇപ്പോൾ ക്ലാരമഠം സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തി ക്കുന്ന സെന്റ് വിൻസെന്റ് പുവർ ഹോം മെത്രാപ്പോലീത്തൻ കോൺഫറൻസിലെ ആദ്യകാല വിൻസെൻഷ്യൻ പ്രവർത്തകരുടെ ശ്രമഫലമായി രൂപംകൊണ്ടത്. നിലവിൽ നമ്മുടെ കോൺഫ്രൻസിൽ (conference) 17 പ്രവർത്തന അംഗങ്ങളും, 220 സഹായക അംഗങ്ങളുമുണ്ട്.

| | |
|---|---|
| ഭക്ഷ്യസഹായം | 88698 രൂപ |
| വിദ്യാഭ്യാസസഹായം | 104650 രൂപ |
| ചികിത്സാസഹായം | 236050 രൂപ |
| വിവാഹസഹായം | 10000 രൂപ |
| ഭവന നവീകരണം | 61179 രൂപ |
| വയനാട് ദുരിതാശ്വാസം | 15450 രൂപ |
| മണിപ്പൂർ കുട്ടികൾക്ക് സ്കോളർഷിപ്പ് ഫണ്ട് | 40000 രൂപ |
| വെട്ടിത്തുരുത്ത് കോൺഫ്രൻസിന് | 20000 രൂപ |
| ധർമ്മസ്ഥാപനങ്ങൾക്ക് | 22280 രൂപ |
| വസ്ത്രസഹായം | 2698 രൂപ |

എന്നീ ഇനങ്ങളിലായി 7 ലക്ഷം രൂപ ചിലവഴിക്കുകയുണ്ടായി.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഒരു പത്രം പോലും വരുത്തു വാൻ സാമ്പത്തികമായി ഇല്ലാത്തതും. വിദ്യാർത്ഥികൾ ഉള്ളതുമായ 5 ഭവനങ്ങ ൾക്ക് ദീപിക ദിനപത്രം സ്പോൺസേഴ്സിന്റെ സഹായത്തോടെ എത്തിക്കുന്നു. പത്രപാരായണത്തിന്റെ മേന്മ വിദ്യാർത്ഥികൾക്ക് നൽകുന്നതിനും, അതുവഴി മെച്ചപ്പെട്ട തൊഴിൽസാധ്യതയ്ക്ക് അവരെ സജ്ജരാക്കുകയും ചെയ്യുന്നു. കൂടാതെ 14 സാധുകുടുംബങ്ങളെ ദത്തെടുത്ത് പ്രതിമാസ സന്ദർശനങ്ങളും, സാമ്പത്തിക സഹായങ്ങളും നൽകിവരുന്നു. പ്രവർത്തന അംഗങ്ങളുടേയും സഹായ അംഗങ്ങളുടേയും സംഭാവനയാണ് പ്രധാനമായും നമ്മുടെ സംഘട നയുടെ പ്രധാന വരുമാനമാർഗ്ഗം. പുറമെ 45,000 രൂപ ഒസാനം പിരിവിലൂടെ പള്ളിയുടെ ബഡ്ജറ്റ് ഇനത്തിലും ലഭിച്ചതും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

**ടോമിച്ചൻ അയ്യരുകുളങ്ങര** (സെക്രട്ടറി)

**ആനിയമ്മ ജോസുകുട്ടി കോയിപ്പള്ളി** (പ്രസിഡന്റ്)

## 2025 ജനുവരി 1 മുതൽ 2025 സെപ്റ്റംബർ 30 വരെ ഇടവകയിൽ നടന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| വിവാഹ സഹായം | - | 1,60,000/- |
| വിദ്യാഭ്യാസ സഹായം | - | 73,585/- |
| ഭവന നിർമ്മാണം | - | 8,70,143/- |
| ചികിത്സാ സഹായം | - | 4,73,870/- |
| മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ | - | 86,550/- |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | - | 93,496/- |
| **ആകെ** | - | **17,57,644/-** |

## ജലത്താലും ആത്മാവിനാലും



അയ്യരുകുളങ്ങര രോഹൻ - ജോസ്ന മകൾ അന്ന - 08.06.2025
കൊടുപ്പുന്നപോളയ്ക്കൽ സജി - ആശ മകൾ എലിസബത്ത് - 21.06.2025
മഞ്ചേരിക്കളം ജോജി - മിനു മകൻ ജോസഫ് - 28.06.2025
കുരിശിങ്കൽ ജോൺ - മെറിൻ മകൾ മേരി - 20.07.2025
കുരിശുംമൂട്ടിൽ സെബാസ്റ്റിയൻ - ഷൈനി മകൾ മറിയം - 26.07.2025
പേട്ടക്കുളത്ത് ഷിജോ - അലീന മകൻ ലിയോനാർഡോ - 26.07.2025
കറുകയിൽ മൈക്കിൾ - പ്രിൻസി മകൻ തോമസ് - 03.08.2025
ആറുപറയിൽ മെയ്ജുലാൽ - റ്റാനിയ മകൻ ജോസഫ് - 09.08.2025
കുളത്തുങ്കൽ ജോസഫ് - മീര മകൾ എലിസബത്ത് - 10.08.2025
കുളത്തുങ്കൽ ജോസഫ് - മീര മകൾ മരിയ - 10.08.2025
കുര്യകാലാട്ടുചിറയിൽ വൽസൻ - കുഞ്ഞുമോൾ മകൾ അന്ന - 14.08.2025
പൊട്ടുകുളം ബെഞ്ചമിൻ - ബീന മകൾ റേയ്ച്ചൽ - 15.08.2025
കൊച്ചുകിഴക്കേകടവിൽ തോമസ് - ബിൻസി മകൾ അന്ന - 16.08.2025
പാലത്തിങ്കൽ ലിജോ - ഷെറിൻ മകൻ ആന്റണി - 17.08.2025
തോപ്പുറത്ത് എൽഫ് - മെറിൻ മകൻ ആന്റണി - 17.08.2025
കടന്തോട് ക്രിസ് - ശിൽപ മകൻ മാർട്ടിൻ - 24.08.2025
കോച്ചേരി കുര്യൻ - എമി മകൻ ആന്റണി - 24.08.2025
പാറക്കടവിൽ ജോമി - നമിത മകൻ മാത്യു - 31.08.2025

# ദൈവം യോജിപ്പിച്ചത്

- ഈ ഇടവക കൊടുപ്പുന്ന പോളയ്ക്കൽ ദേവസ്യ - ഏലിക്കുട്ടി മകൻ കുര്യാക്കോസും രാജമററം ഇടവക കല്ലൂപ്പറമ്പിൽ ദേവസ്യ - അന്നമ്മ മകൾ റോസമ്മയും തമ്മിലുള്ള വിവാഹം - 12.06.2025
- ഈ ഇടവക കളിപ്പറമ്പിൽ ജേക്കബ് - ത്രേസ്യാമ്മ മകൻ തോമസും കുന്നുംഭാഗം ഇടവക ചേരിപ്പുറത്ത് വിൻസെന്റ് - ആനി മരിയയും തമ്മിലുള്ള വിവാഹം - 18.06.2025
- ഈ ഇടവക മാമ്പൂത്ര ഫ്രാൻസിസ് - മേരിക്കുട്ടി മകൻ തോമസും വേഴപ്ര ഇടവക ഒലിപ്രക്കാട് ദേവസ്യ - ത്രേസ്യ മകൻ റോസമ്മയും തമ്മിലുള്ള വിവാഹം - 28.08.2025
- ഈ ഇടവക കാരാപ്പുഴശ്ശേരി ഷൈജു - മേഴ്സി മകൻ ജോസഫും ഈ ഇടവക കുരിശിങ്കപ്പറമ്പിൽ ഷാജൻ - ജെസി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 03.07.2025
- ഈ ഇടവക വയലുങ്കൽ വർഗീസ് - ലാലി മകൻ ആന്റണിയും കോട്ടയം ഇടവക പതിയപ്പള്ളി കാലായിൽ നൈനാൻ - റീന മകൾ ചാച്ചിക്കുട്ടിയും തമ്മിലുള്ള വിവാഹം - 14.07.2025
- ഈ ഇടവക കല്ലുകളം സോണി - ജെസ്സമ്മ മകൻ ജോർജും മോനിപ്പള്ളി ഇടവക ഐക്കരോട്ട് റോയി - റാണി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 23.07.2025
- ഈ ഇടവക വെള്ളൂർ റ്റോം - ബീന മകൻ അൽഫോൻസും കുന്നുംഭാഗം ഇടവക പറമ്പിൽ റ്റോം - ലിൻസി മകൾ എൽസ മരിയയും തമ്മിലുള്ള വിവാഹം - 21.08.2025
- ഈ ഇടവക മണമേൽ ആന്റണി - മിനി മകൻ ആന്റണിയും തോട്ടയ്ക്കാട് ഇടവക നിലവന്തറ തോമസുകുട്ടി - സെലീനാമ്മ മകൾ മേരിയും തമ്മിലുള്ള വിവാഹം - 25.08.2025
- ഈ ഇടവക പീടികപ്പറമ്പിൽ തോമസ് - ആൻസമ്മ മകൻ കുര്യനും പൂത്തറയ്ക്കൽ ഇടവക ചിരിയങ്കണ്ടത്ത് ജോണി - മെറീന മകൾ വെറോനിക്കയും തമ്മിലുള്ള വിവാഹം - 25.08.2025
- ഈ ഇടവക പാലത്തിങ്കൽ സോണി - റിൻസി മകൻ ജോസഫും പാറേൽ ഇടവക തൂമ്പുങ്കൽ വർഗീസ് - അന്നമ്മ മകൾ റോസും തമ്മിലുള്ള വിവാഹം - 28.08.2025
- ഈ ഇടവക പുളിയ്ക്കൽ തോമസ് - സാലി മകൻ തോമസും മുട്ടാർ ഇടവക പറമ്പത്ത് ജോസഫ് - അന്നമ്മ മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 30.08.2025

- ഈ ഇടവക പരുവമ്മൂട്ടിൽ വർഗീസ് - നാൻസി മകൻ അലക്സും ഇളങ്ങുളം ഇടവക പൂവത്തുംമൂട്ടിൽ ജോമോൻ - ഷീബാ മകൾ അന്നയും തമ്മിലുള്ള വിവാഹം - 30.08.2025
- ഈ ഇടവക ചിങ്ങംപറമ്പിൽ സ്കറിയ - ആൻസമ്മ മകൻ ആന്റണിയും വണ്ണപ്പുറം ഇടവക നെടുമരുതുംചാലിൽ സാം - ഷിബി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 06.09.2025
- ഈ ഇടവക വെട്ടിത്തുരുത്തും കണ്ണംപള്ളി ഷാജി - സോഫിയ മകൻ ജോസഫും റാന്നി പെരുനാട് ഇടവക ആലപ്പാട്ട് സോണി - ആൻസി മകൾ ഫിലോമിനയും തമ്മിലുള്ള വിവാഹം - 11.09.2025
- ഈ ഇടവക കൂത്രപ്പള്ളി ബോബൻ - ആൻസി മകൻ ജേക്കബും തൃക്കാക്കര ഇടവക പാലത്തിങ്കൽ ഡൊമിനിക് - റോസമ്മ മകൾ ബ്രിജിത്തും തമ്മിലുള്ള വിവാഹം - 14.09.2025

## ഉത്ഥിതനോടൊപ്പം

RIP

| | |
|---|---|
| അമ്പാട്ട് എ.പി. ജോസഫ് (90 വയസ്) | 27.05.2025 |
| ചമ്പക്കുളം സി.ജെ. അൽഫോൻസ് (69 വയസ്) | 04.06.2025 |
| തുണ്ടിയിൽപറമ്പിൽ ബേബി ജെ. (79 വയസ്) | 08.06.2025 |
| ചീരംവേലിൽ സി.പി. ജോസഫ് (76 വയസ്) | 07.07.2025 |
| മാറാട്ടുകളം സെബാസ്റ്റ്യൻ മാത്യു (80 വയസ്) | 07.07.2025 |
| നീലത്തുംമുക്കിൽ എൻ.ഡി. ജോസ് (88 വയസ്) | 04.07.2025 |
| വാച്ചാപറമ്പിൽ പൗലോസ് ചെറിയാൻ (61 വയസ്) | 11.07.2025 |
| OMMI കോൺവെന്റ് സി. മേരി ജോസഫ് (87 വയസ്) | 14.07.2025 |
| അഴിമുഖം തോമസ് ജോസഫ് (68 വയസ്) | 24.07.2025 |
| മാറാട്ടുകളം ജെയിംസുകുട്ടി (74 വയസ്) | 21.07.2025 |
| കണ്ടങ്കേരി മനോജ് ജോർജ് (51 വയസ്) | 25.07.2025 |
| കരിമഠം ജോസഫ് (84 വയസ്) | 26.07.2025 |
| ചിറ്ററയ്ക്കൽ എബ്രഹാം ചാക്കോ (76 വയസ്) | 01.08.2025 |
| വലിയവീടൻ ജോസഫ് ചാക്കോ (77 വയസ്) | 03.08.2025 |
| വലിയവീട്ടിൽ ബാബു ആന്റണി (75 വയസ്) | 08.08.2025 |
| നമ്പിശ്ശേരിക്കളം ആന്റണി തോമസ് (63 വയസ്) | 09.08.2025 |
| ഇടശ്ശേരിപ്പറമ്പിൽ മാത്യു തോമസ് (72 വയസ്) | 13.08.2025 |
| സേവനോദ്യാനം സി. ത്രേസ്യാമ്മ ദേവസ്യാ (95 വയസ്) | 16.08.2025 |
| കാരയ്ക്കൽ ജോസഫ് ആന്റണി (77 വയസ്) | 27.08.2025 |

# സ്നേഹസ്മരണയ്ക്ക്

ഏഴാം ചരമവാർഷികം



എം.വി. കുര്യാക്കോസ്
മരണം: 25.05.2018

രണ്ടാം ചരമവാർഷികം



മേരിക്കുട്ടി കുര്യാക്കോസ്
മരണം: 19.06.2023

ആറാം ചരമവാർഷികം



ജോർജ് കെ.എം. (ജോർജുകുട്ടി)
മരണം: 04.03.2019

മാളിയേക്കൻ (കാഞ്ഞിക്കൽ)
കത്തീഡ്രൽ വാർഡ്, അസ്സീസി കൂട്ടായ്മ, ചങ്ങനാശേരി

# സ്നേഹസ്മരണയ്ക്ക്





കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി

# *In Loving Memory of*




## T.C. KUNJUMON

THAYYIL
CHANGANACHERRY

BORN: 07.09.1961 DIED: 03.10.2020



# സ്നേഹസ്മരണയ്ക്ക്



## പി.എസ്. തോമസ്
**(കുഞ്ഞ്)**

ജനനം: 04.05.1941
മരണം: 27.09.2021



## റോസമ്മ തോമസ്
**(റോസമ്മ ടീച്ചർ)**

ജനനം: 13.09.1942
മരണം: 16.09.2025

### പതാലിൽ, നെടുംകുന്നം

**"ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"**

യോഹ. 11:25

St Joseph Orphanage Press, Chry +91 85477 85270